# القاتل البطيء: التدخين

**[ Malayalam –മലയാളം – مليالم]**

## دار الوطن للنشر والتوزيع –الرياض

## ترجمة : عبد الجبار عبد الله المديني

**വിവര്‍ത്തനം: അബ്ദുല്‍ ജബ്ബാര്‍ അബ്ദുല്ല**


web edition by :

**കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്**

**റബ്'വ - റിയാദ് - സൗദി അറേബ്യ**

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض-المملكة العربية السعودية

islamhouse.com

1431 - 2010

# വിഷയസൂചി


| | |
|---|---|
| വിഷയസൂചി | 1 |
| മുഖക്കുറി | 3 |
| പുകവലി മാരകമാണ്, നിഷിദ്ധവും. | 6 |
| പുകവലി കാരണമായുണ്ടാകുന്ന രോഗങ്ങൾ | 9 |
| പുകവലി സമ്പത്തിക ദുർവ്യയം | 11 |
| പുകവലി നിഷിദ്ധമാണെന്നറിയിക്കുന്ന തെളിവുകൾ | 14 |
| പുകവലി ഹറാമാണെന്ന് പറഞ്ഞ ഹനഫീ മദ്ഹബിലെ പണ്ഡിതന്മാർ | 20 |
| പുകവലി ഹറാമാണെന്ന് പറഞ്ഞ മാലികീ മദ്ഹബിലെ പണ്ഡിതന്മാർ | 21 |
| പുകവലി ഹറാമാണെന്ന് പറഞ്ഞ ശാഫിഈ മദ്ഹബിലെ പണ്ഡിതന്മാർ | 22 |
| പുകവലി ഹറാമാണെന്ന് പറഞ്ഞ ഹമ്പലീ മദ്ഹബിലെ പണ്ഡിതന്മാർ | 22 |
| ചിന്തോദ്ദീപക നിർദ്ദേശങ്ങൾ | 23 |
| ബാലിശമായ ചില ന്യായവാദങ്ങൾ | 29 |
| പുകവലിക്കാത്തവരോട് | 32 |
| പുകയില ഉത്പ്പന്നങ്ങൾ വിൽക്കുന്നവരോട് | 34 |
| പുകവലിയുടെ വിഷയത്തിൽ ഏതാനും സുപ്രധാന ഫത്വകൾ | 39 |

| | |
|---|---|
| പുകയില ഉത്പ്പന്നങ്ങളും സിഗരറ്റും നിർമ്മിക്കുന്ന കമ്പനികളിൽ ജോലിചെയ്യൽ | 39 |
| പുകയില കൃഷിചെയ്യൽ | 42 |
| പുകയില കച്ചവടത്തിന്റെ ലാഭം കൊണ്ട് സ്വദക്വഃയും, ഹജ്ജും, പുണ്യകർമ്മങ്ങളും നിർവ്വഹിക്കൽ | 43 |
| പുകവലിക്കുന്നവന്റെ ബാങ്കും ഇമാമത്തും | 45 |
| പുകവലിക്കുന്ന അദ്ധ്യാപകൻ | 46 |
| പുകവലി നോമ്പ് മുറിക്കും ?!! | 49 |
| പള്ളിയിൽ പുകവലിക്കൽ !!! | 51 |
| പുകവലിച്ചിരുന്നവന്റെ മയ്യിത്ത് നമസ്കരിക്കൽ | 52 |
| മാതാപിതാക്കൾക്ക് സിഗരറ്റ് വാങ്ങികൊടുക്കൽ | 53 |
| പുകയില ഉത്പ്പന്നങ്ങൾക്ക് പരസ്യം നൽകൽ | 54 |
| പുകയില ഉത്പ്പന്നങ്ങൾ വിൽക്കുന്നതിന് സ്ഥാപനങ്ങൾ വാടകക്ക് കൊടുക്കൽ | 55 |
| പുകവലിയിൽനിന്ന് വിരമിക്കുവാൻ | 57 |

# മുഖക്കുറി

ഏകദേശം **A.D.** 1492 ലാണ് പുകവലി ഇന്ന് കാണുന്ന രീതിയിൽ പ്രകടമായത്. അഥവാ സ്പാനിഷുകാരായ ഒരു സംഘം കടൽ യാത്രക്കാർ അമേരിക്ക കണ്ടുപിടിച്ചപ്പോൾ അവർ അവിടെ പുകയിലമരം കണ്ടെത്തുകയും അതിന്റെ ഉപയോഗം തുടങ്ങുകയുമാണുണ്ടായത്.

**A.D.** 16 ാം നുറ്റാണ്ടിലാണ് യൂറോപ്പിൽ പുകവലി ഭീകരമാം വിധം വ്യാപിച്ചത്. പുകയിലയുടെ ഉപയോഗം ഇത്തരത്തിൽ തുടരവെ ബ്രിട്ടീഷ് രാജാവ് ജെയിംസ് ഒന്നാമൻ അതിനെതിരിൽ സമരം നയിക്കുകയും 1604ൽ പുകവലിക്കെതിരിൽ ഒരു പ്രസിദ്ധീകരണം പുറത്തിക്കുകയുമുണ്ടായി.

റഷ്യയിൽ 1634 ൽ കടുത്ത തീരുമാനങ്ങളാണ് പുകവലിക്കെതിരിൽ റഷ്യൻ ഭരണകൂടം സ്വീകരിച്ചത്. പ്രസ്തുത തീരുമാനങ്ങൾ അനുസരിച്ച് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നവരുടേയും, വാങ്ങുന്നവരുടേയും, പുകവലിക്കുന്നവരുടേയും മുഖംകെട്ടിയശേഷം അവരെ ചമ്മട്ടിക്കിരയാക്കുവാൻ തീരുമാനിച്ചു. വീണ്ടും അതിലേക്ക് മടങ്ങിയാൽ അത്തരക്കാരെ സൈബീരിയയിലേക്ക് നാട് കടത്തുവാനോ, അല്ലെങ്കിൽ അവരെ വധശിക്ഷക്ക് വിധേയരാക്കുവാനോ തീരുമാനങ്ങൾ ഉണ്ടായി.

പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഡെൻമാർക്കും, സ്വീഡനും, സ്വിസിലിയും ഓസ്ട്രിയയും പുകവലിയെ

വിലക്കിക്കൊണ്ട് നിയമങ്ങൾ ആവിഷ്ക്കരിച്ചു. എന്നാൽ ഇസ്ലാമിക നാടുകളിൽ പുകവലി പ്രചാരം നേടിയത് ഹിജ്റാബ്ദം പത്താം നൂറ്റാണ്ടിന്റെ അവസാനത്തിലാണ്. അഥവാ കൃസ്താബ്ദം പതിനേഴാം നുറ്റാണ്ടിൽ. ഇസ്ലാമിക നാടുകളിലേക്ക് ആദ്യമായി പുകവലിശീലം കടത്തിക്കൊണ്ടുവന്നതാകട്ടെ ക്രൈസ്തവരാണുതാനും.

പുകവലി മൂലമുണ്ടാകുന്ന നാനോന്മുഖ ദൂഷ്യങ്ങളെക്കുറിച്ച് ബുദ്ധിയുള്ളവരെല്ലാം വാചാലരാണല്ലോ? എന്നിട്ടും ആബാലവൃദ്ധം ജനങ്ങളുംപുകവലിക്കുന്നവരും പുകയില ഉത്പന്നങ്ങളുടെ സേവകരുമാണ് എന്നത് വസ്തുതാപരമാണ്. വ്യക്തികൾക്കും സമൂഹത്തിനും രാഷ്ട്രങ്ങൾക്കും ഒരുപോലെ തലവേദന(?) സൃഷ്ടിക്കുന്ന ഈ ദുരന്തത്തിനെതിരിൽ സമര പ്രഖ്യാപനത്തിലാണ് ബുദ്ധിയുള്ളവരെല്ലാം.

ദാറുൽ വത്വൻ പുറത്തിറക്കിയ "അൽ ക്വാതിലുൽ ബത്വീഅ് അത്തദ്ഖീൻ" എന്ന ലഘുകൃതിയുടെ വിവർത്തനമാണ് ഒരു കൊച്ചുകൃതിയായി നിങ്ങളുടെ മുമ്പിൽ സമർഷിക്കുന്നത്. പുകവലി രംഗപ്രവേശം ചെയ്ത ചരിത്രം ഈ ആമുഖക്കുറിപ്പിലും കൃതിയുടെ അവസാനത്തിൽ പുകവലിക്കുന്നവരുടേയും പുകയില ഉത്പന്നങ്ങളുടേയും വിഷയത്തിൽ ദീനിന്റെ വിധിയെന്ത് എന്ന് പഠിപ്പിക്കുന്ന പണ്ഡിത ശ്രേഷ്ഠരുടെ ഏതാനും സുപ്രധാന ഫത്വകളും കൊടുത്തിട്ടുണ്ട്. തെളിവുകളുടെ അവലംബങ്ങളും അനിവാര്യമെന്നു തോന്നിയസ്ഥലങ്ങളിൽ അടിക്കുറിപ്പുകളും നൽകിയിട്ടുണ്ട്. പുകവലിയുടെ ചരിത്രവുമായി ബന്ധപ്പെട്ടതും അടിക്കുറിപ്പായി നൽകിയ അധിക ഭാഗങ്ങളും അബ്ദുൽ ഹമീദ് അൽഹലബി രചിച്ച 'ഹുക്മു ദ്ദീൻ ഫില്ലിഹ്യതി വത്തദ്ഖീൻ' എന്ന ലഘുഗ്രന്ഥത്തിൽ നിന്നാണ്.

ഈ വിവർത്തനം പരിശോധിച്ച് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ബഹു: മുഹമ്മദ് സ്വാദിക്വ് മദനി, പേജുകളിൽ അക്ഷരങ്ങൾ നിരത്തിയ സഹോദരൻ മുഹമ്മദ് റയ്യാൻ, പല സഹായങ്ങളും നൽകിയ മാഹിൻ മുഹമ്മദ്, മുഹമ്മദ് അലി പുലാശേരി(കുഞ്ഞു), കൂടാതെ ഗുണകാംക്ഷികളായി വർത്തിച്ച മറ്റുകൂട്ടുകാർ... എല്ലാവരോടും കടപ്പാടകളുണ്ട്. അല്ലാഹുവേ, നീ ഞങ്ങൾക്ക് കൃപ ചൊരിയേണമേ....

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# പുകവലി
# മാരകമാണ്, നിഷിദ്ധവും.

സ്തുതികൾ മുഴുവനും അല്ലാഹു ﷻ ക്ക് മാത്രമാകുന്നു. നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി ﷺ യിലും അദ്ദേഹത്തിന്റെ കുടുംബത്തിലും അനുചരന്മാരിലും അദ്ദേഹത്തിന്റെ മാർഗ്ഗത്തിൽ വഴിനടന്നവരിലും സ്വലാത്തും സലാമും അല്ലാഹു ﷻ യിൽ നിന്ന് വർഷിക്കുമാറാകട്ടെ.

അല്ലാഹു സത്യവിശ്വാസികളുടെ ശരീരങ്ങളെ ഉപദ്രവിക്കുന്നതും അവരുടെ ദീനിനെ നഷ്ടപ്പെടുത്തുന്നതും കർമ്മങ്ങളെ തകർക്കുന്നതുമായ മുഴുവൻ ലഹരി പദാർത്ഥങ്ങളേയും നിരോധിച്ചിരിക്കുന്നു. അപ്രകാരം വിശ്വാസികൾക്ക് ബുദ്ധിപരവും ശാരീരികവുമായി തളർച്ചയുണ്ടാക്കുന്ന എല്ലാ വസ്തുക്കളേയും ഹറാമായി പ്രഖ്യാപിച്ചിരിക്കുന്നു. അവരുടെ ആരോഗ്യം സംരക്ഷിക്കുവാനും അവരുടെ സുരക്ഷിതത്വത്തിൽ താൽപര്യം കാണിച്ചുമാണ് അല്ലാഹു ﷻ ഇവകൾ നിരോധിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

....وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَآئِثَ....

((.......നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്തവസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു...........)) (വി. ഖു. 7: 157)

ഇവിടെ 'ഖബാഇഥ് ' (ചീത്തവസ്തുക്കൾ) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യപ്രകൃതി നികൃഷ്ടവും മ്ലേച്ഛവുമായി കാണുന്നവയാണ്; അവയുടെ ഉപയോഗം ഉപദ്രവകരവും രോഗമുണ്ടാക്കുന്നതുമായിരിക്കും. ഇത്തരം വസ്തുക്കൾക്കുള്ള ദീനിന്റെ അടിസ്ഥാനപരമായ വിധി 'ഹറാം' മാണല്ലോ? [1]

ഇത്തരം 'ഖബാഇഥു'കളിൽ പെട്ടതാണ് പുകയിലയും നിക്കോട്ടിനും മറ്റും ചേർത്തുണ്ടാക്കുന്ന പുകയില ഉത്പന്നങ്ങൾ. [2] ആബാലവൃദ്ധം മുസ്‌ലീംകൾ അതിനാൽ പരീ

---

[1] അറബിഭാഷയിൽ 'ഖബഥ്' എന്നത് രുചിയും മണവും വെറുക്കപ്പെട്ടതിനും വർജ്യമായതിനുമാണ് പറയപ്പെടുക.

[2] ഒരുകൂട്ടം വിഷലിപ്ത ദ്രവ്യങ്ങളുടെ സമാഹാരമാണ് പുകയില ഉത്പന്നങ്ങൾ. എട്ട് വിഷദ്രവ്യങ്ങൾ അവയിലടങ്ങിയതായി ചില പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചിലർ വിചാരിക്കുന്നതുപോലെ കേവലം 'നിക്കോട്ടിൻ' എന്ന വിഷവസ്തു മാത്രമല്ല അതിൽ അടങ്ങിയിട്ടുള്ളത്. നിക്കോട്ടിനാകട്ടെ കടുത്തവിഷമാണെന്നതിൽ സംശയമില്ല. ചിലർ ഉദ്ധരിക്കുന്നു:

- നിക്കോട്ടിൻ ശരീരപേശികളെ പ്രതികൂലമായി ബാധിക്കുന്നു.
- ഒരു ഗ്രാം നിക്കോട്ടിൻ മതി പത്ത് വലിയ പട്ടികളെ ഒന്നിച്ചുകൊല്ലുവാൻ.

ക്ഷിക്കപ്പെട്ടിരിക്കുന്നു. ധാർമ്മികനെന്നോ അധർമ്മകാരിയെന്നോ വ്യത്യാസമില്ലാതെ പലരും ജനങ്ങൾക്ക് മുമ്പിൽ പരസ്യമായി പുകയില ഉൽപ്പന്നങ്ങൾ വലിച്ചൂതി നടക്കുന്നു. മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കാതെയും അവർക്ക് ആദരവ് കൽപ്പിക്കാതെയും അവരുടെ അവകാശങ്ങൾ വകവെക്കാതെയും നിർലജ്ജം ഇത്തരം ആൾക്കാർ മനുഷ്യർക്ക് മുന്നിലൂടെ പുകവലിച്ചൂതി നടക്കുന്നു.

പുകവലി ഭൂരിപക്ഷം ജനങ്ങൾക്കും ഇന്ന് അനുവദനീയമായ ഒരു സംഗതിപോലെയാണ്. ദീനിനെകുറിച്ചുള്ള വിവരമില്ലായ്മകൊണ്ടും തങ്ങൾക്ക് ഉപകാരമുള്ളതും ഉപദ്രവകരമായതുമായ കാര്യങ്ങളെക്കുറിച്ചുമുള്ള വിവരക്കേടുകൊണ്ടും മാത്രമാണ് അവർ അപ്രകാരം ചെയ്യുന്നത്. ചിലർ വിശിഷ്യാ ചെറുപ്രായക്കാർ വിചാരിക്കുന്നത്, പുകവലി അവരുടെ പൗരുഷത്വത്തിന്റേയും സ്ഥാനമാനങ്ങളുടേയും പുരോഗതിയുടേയും വകുപ്പിൽപ്പെട്ടതാണ് എന്നാണ്. അതിനാൽതന്നെ ഏതുസമയവും അവന്റെ കൈയ്യിൽ സിഗരറ്റ് മാത്രമാണ്. അവന്റെ ജൽപനപ്രകാരം അവൻ എവിടെ ചെന്നാലും ആസ്വാദനം കാണുന്നത് ചുരുട്ടികൂട്ടിയ പുകയില വലിച്ചൂതിവിടുന്നതിലുമാണ്.

---

- ഒരു ചതുരശ്ര സെന്റീമിറ്റർ നിക്കോട്ടിൻ കൊണ്ടുള്ള കുത്തിവെപ്പ് ഏതാനും നിമിഷങ്ങൾ കൊണ്ട് ഒരു ശക്തനായ കുതിരയെ കൊല്ലുവാൻ മതിയാകും.
- 50 മില്ലിഗ്രാം നിക്കോട്ടിൻ ഒരു മനുഷ്യനിൽ കുത്തിവെക്കുകയാണെങ്കിൽ നിമിഷങ്ങൾക്കൊണ്ട് അത് അവനെ കൊല്ലുന്നതാണ്.

അല്ലാഹുവേ ഈ നികൃഷ്ട വസ്തുവിൽനിന്നും നീ ഞങ്ങൾക്ക് സലാമത്തേകേണമേ. ഞങ്ങൾക്ക് നീ സൗഖ്യം പ്രദാനം ചെയ്യേണമേ......

# പുകവലി കാരണമായുണ്ടാകുന്ന രോഗങ്ങൾ

ക്യാൻസർ ഇന്ന് ലോകരെ ഭയാനകതയിലേക്ക് ആഴ്ത്തുന്ന മഹാരോഗമാണല്ലോ? ക്യാൻസർ എന്ന് കേൾക്കുമ്പോൾ തന്നെ മനുഷ്യ ശരീരം ഞെട്ടിവിറക്കുകയാണ്. പുകവലിക്കുന്നവൻ തന്റെ ശരീരത്തെ യഥാർത്ഥത്തിൽ ക്യാൻസർ രോഗത്തിന്റെ മാരകമായ പിടുത്തത്തിലേക്ക് എറിഞ്ഞ് കൊടുക്കുകയാണ് ചെയ്യുന്നത്. അവൻ ഈ മാറാവ്യാധിയിലേക്ക് സ്വയം കുതിക്കുകയുമാണ്. ഇത് ബുദ്ധിയുള്ള ഒരു മനുഷ്യന് ചേർന്നതാണോ എന്ന് ആലോചിക്കുക.

അല്ലാഹു ﷻ പറയുന്നു:

....وَلاَ تُلْقُواْ بِأَيْدِيكُمْ إِلَى التَّهْلُكَةِ....

“.....നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളി ക്കളയരുത്.....” (വി. ക്വു. 2:195)

കൂടാതെ, അപകടകരമായ പല മാരകരോഗങ്ങളുടേയും കാരണക്കാരനാണ് പുകവലി. അത് വായക്കും പല്ലുകൾക്കും ഉപദ്രവങ്ങൾ വരുത്തുന്നു, നെഞ്ചിടുക്കമുണ്ടാക്കുന്നു, ശ്വാസോച്ഛ്വാസ തടസ്സമുണ്ടാക്കുന്നു. രക്ത ചംക്രമണം തടുക്കുന്നു. ചുമയും ശക്തമായ കഫകെട്ടും ഉണ്ടാക്കുന്നു; മുഖത്ത് വിളർച്ചക്കും മെലിച്ചിലിനും കാരണമാകുന്നു. പെട്ടന്നുള്ള മരണവും ശക്തമായ തലവേദനയും സമ്മാനിക്കുന്നു. ശ്വാസകോശങ്ങളെ തകർക്കുന്നു, പുണ്ണുണ്ടാക്കുന്നു, ഉറക്കംകെടുത്തുന്നു, പെരുമാറ്റങ്ങളെ പരുഷമാക്കുന്നു. മൂത്രക്കുഴലിനേയും വൃക്കയേയും മൂത്രാശയത്തേയും ബാധിക്കുന്നു. മൂക്കിലും തൊണ്ടയിലും രോഗമുണ്ടാക്കുന്നു. അറ്റമില്ലാത്തരോഗങ്ങളുടെ അടിമയാണ് പുകവലിക്കാരൻ. ഇതെല്ലാം വൈദ്യശാസ്ത്ര രംഗത്ത് വിദഗ്ധർ വെളിപ്പെടുത്തിയ യാഥാർത്ഥ്യങ്ങളും സ്ഥിരീകരിച്ച വാർത്തകളുമാണ്.[3]

---

[3] ഈജിപ്തിലെ നാഡിരോഗ വിദഗ്ധനായ ഡോ. സ്വലാഹുദ്ദീൻ പറയുന്നു: ഒരാൾ പുകവലിക്ക് അടിമയായാൽ അത് അവന്റെ ശരീരത്തിൽ മോശമായ സ്വാധീനമാണ് ഉണ്ടാക്കുന്നത്; തീർച്ച. വിശിഷ്യാ ഹൃദയത്തിൽ. അതിലൂടെ ഹൃദയമിടിപ്പ് ചഞ്ചലിതമാകുന്നു. രക്തചംക്രമണം തകരാറിലാകുന്നു. തലച്ചോറിലെ രക്തക്കുഴലുകൾ വലിഞ്ഞു ചുരുങ്ങുന്നതിനാൽ പലപ്പോഴും പുകവലിക്കാരന് തലകറങ്ങുന്നു. പ്രായംകൂടുംതോറും പുകവലിക്കാരൻ ഉയർന്ന രക്ത സമ്മർദ്ദങ്ങൾക്ക് വിധേയനാകുന്നു. നെഞ്ചിൽ മുറിവുണ്ടാ

# പുകവലി
# സാമ്പത്തിക ദുർവ്വ്യയമാണ്

പുകയില ഉത്പന്നങ്ങൾ വിലക്കുവാങ്ങുന്നത് സമ്പത്തിനെ യാതൊരു ഉപകാരവുമില്ലാതെ ദുർവ്യയം ചെയ്യുന്നതിലാണ് എണ്ണപ്പെടുക. മാത്രമല്ല, സ്വന്തത്തെ കൊല്ലുവാനുള്ള വിഷദ്രവ്യം വിലക്ക് വാങ്ങുകയാണ് യഥാർത്ഥത്തിൽ അത്തരക്കാർ ചെയ്യുന്നത്. സമ്പത്ത് ദുർവ്യയം ചെയ്യുന്നത് അല്ലാഹു ﷻ നിരോധിച്ചിരിക്കുന്നു. അല്ലാഹു ﷻ പറഞ്ഞു:

---

ക്കുന്നു. ശ്വസന വ്യൂഹത്തിലും ശ്വാസോച്ഛ്വാസ നാളികളിലും പുകവലി പ്രതികൂലമായി ബാധിക്കുന്നു. പുകവലിക്കുന്നവന് ഭക്ഷണ രുചി നഷ്ടപെടുന്നു. സദാസമയവും ചുമ അവനെ പിടികൂടുന്നു. പുകയില ഉത്പന്നങ്ങളുടെ ഉപയോഗം, നാഡീവ്യൂഹത്തെ ബാധിക്കുന്നതോടെ അവന് നുരച്ച് കയറലും, കൈകാലുകളിൽ കോച്ചിപ്പിടുത്തവും പേശികൾക്ക് വേദനയും ഉണ്ടാകുന്നു.

പ്രമുഖ പണ്ഡിതൻ മുഹമ്മദ് അബ്ദുൽഗഫ്ഫാർ, തന്റെ 'പുകവലിയുടെ തൊണ്ണൂറ്റി ഒമ്പത് ദൂഷ്യങ്ങൾ' എന്ന ഗ്രന്ഥത്തിൽ പുകവലിമൂലമുണ്ടാകുന്ന തൊണ്ണൂറ്റി ഒമ്പത് രോഗങ്ങളെ വ്യക്തമാക്കിയിട്ടുണ്ട്.

.....وَلاَ تُبَذِّرْ تَبْذِيرًا.

إِنَّ الْمُبَذِّرِينَ كَانُواْ إِخْوَانَ الشَّيَاطِينِ وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا

((......നീ (ധനം)ദുർവ്യയം ചെയ്തുകളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു.)) (വി.ക്വു. 17: 26, 27)

പുകവലി ധൂർത്തും പണം ദുർവ്യയം ചെയ്യലുമാണ്; തീർച്ച. പുകവലിയിലൂടെ പിശാചിനോട് ഒരാൾ മൈത്രിയിലാവുകയാണ്. പിശാചിനോട് സമരസപ്പെടുകയുമാണ്. യഥാർത്ഥത്തിൽ ഇതുമാത്രംമതി പുകവലിക്ക് പണം ചിലവഴിക്കുന്നവൻ ഏറ്റവും മോശക്കാരനാണെന്നത് മനസ്സിലാക്കുവാൻ; പുകവലിക്കുന്നത് ആക്ഷേപാർഹമാണ് എന്ന് അറിയുവാനും.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ رِجَالاً يَتَخَوَّضُونَ فِي مَالِ اللهِ بِغَيْرِ حَقٍّ فَلَهُمُ النَّارُ يَوْمَ الْقِيَامَةِ»

«ചിലയാളുകൾ അല്ലാഹുവിന്റെ സമ്പത്തിനെ അനർഹമായി കൈകാര്യം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്നു. അവർക്കത്രെ അന്ത്യനാളിൽ നരകാഗ്നി» (ബുഖാരി)

ഒരാൾ ദിനംപ്രതി മൂന്ന് റിയാലുകൾ പിച്ചിച്ചീന്തി കളയുകയും അതിൽ ആസ്വാദനം കണ്ടെത്തുകയും ചെയ്താൽ ലോകം അയാളെക്കുറിച്ച് ഭ്രാന്തൻ എന്നു പറയും. അയാൾ ചികിത്സിക്കപ്പെടേണ്ടത് നിർബന്ധവുമാണ്. അപ്പോൾ അതിനേക്കാൾ വലിയ തുകക്ക് പുകയില

ഉത്പന്നങ്ങൾ വാങ്ങുകയും അവ കത്തിച്ച് ഊതിവിടുകയും അതിലൂടെ തനിക്ക് നാശം വിലക്ക് വാങ്ങുകയും ചെയ്യുന്ന വന്റെ അവസ്ഥ എന്താണ്?!! പുകവലി വീരൻ യഥാർത്ഥത്തി ൽ രണ്ട് വിപത്തുകളിലാണ് അകപ്പെടുന്നത്. ഒന്ന്: സമ്പത്ത് നശിപ്പിക്കുക. രണ്ട്: സ്വന്തത്തെ ഉപദ്രവിക്കുക. ഈ രണ്ടു വിഭാഗത്തിൽ ആരാണ് ഏറ്റവും കൂടുതൽ ആക്ഷേപത്തി നർഹർ?!

ചിലർ പുകയില ഉത്പന്നങ്ങൾ വാങ്ങുവാൻ ചിലവഴി ക്കുന്ന സമ്പത്തിനെ നിസ്സാരവൽക്കരിക്കാറുണ്ട്. അത്തര ക്കാർ ഇതൊരു ധൂർത്തായി എണ്ണാറില്ല. അവരുടെ ദൃഷ്ടി യിൽ പുകയില ഉത്പന്നങ്ങൾ വാങ്ങുവാൻ അവർ ചിലവഴി ക്കുന്ന സമ്പത്ത് നിസ്സാരമാണ്. വളരെ കുറവുമാണ്. പ ക്ഷെ പ്രസ്തുത സംഖ്യയുടെ ക്ലിപ്തി നിർണ്ണയത്തിലേക്ക് നാം കണ്ണോടിച്ചാൽ ഇവർ ഈ വിഷദ്രവ്യം വാങ്ങിക്കൂട്ടു വാൻ തുലക്കുന്ന പതിനായിരങ്ങളുടെ എണ്ണവും വണ്ണവും നമുക്ക് അറിയുവാൻ സാധിക്കും. ഇരുപത് വർഷം പുകവ ലിക്കുന്ന ഒരു മനുഷ്യൻ പ്രതിദിനം 40 സിഗരറ്റ് വലിക്കുന്നു വെങ്കിൽ അയാൾ ചിലവഴിക്കുന്ന സംഖ്യ 57,000 റിയാൽ ആ യിരിക്കും. പ്രതിദിനം 60 സിഗരറ്റ് വലിക്കുന്ന ഒരാൾ 86, 000 റിയാൽ 20 വർഷം കൊണ്ട് തുലക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല എത്ര സമയാണ് ഈയൊരു പ്രവൃത്തിക്കുവേണ്ടി മനുഷ്യൻ ചിലവഴിക്കുന്നത്. ഒരു സിഗരറ്റ് വലിക്കുവാൻ ഒ രാൾ അഞ്ച് മിനിറ്റ് സമയമെടുത്താൽ 40 സിഗരറ്റ് വലിക്കു വാൻ അയാൾ 200 മിനിറ്റ് സമയമെടുക്കും. അഥവാ അല്ലാഹു ﷻ യെ ധിക്കരിക്കുവാൻ മൂന്നുമണിക്കൂറുകളി ലേറെ അയാൾ സമയം തുലക്കുന്നു. അപ്പോൾ പിന്നെ ആദർശത്തേയും സമ്പത്തിനേയും സമയത്തേയും ആ

രോഗ്യത്തേയും ഒരുപോലെ നശിപ്പിക്കുന്ന ഈ പാതക ത്തേക്കാൾ വലിയ പാതകം വേറെ ഏതുണ്ട് ?!

# പുകവലി നിഷിദ്ധമാണെന്നറിയിക്കുന്ന തെളിവുകൾ

ചില പുകവലി വീരന്മാർക്ക് പുകവലിക്കുന്നതിന്റെ മതവിധി അജ്ഞമായേക്കും. അല്ലെങ്കിൽ ശൈത്വാൻ കാര്യ ങ്ങൾ അവന് ആശയകുഴപ്പമാക്കുന്നു. പല കളവുകളും സ ന്ദേഹങ്ങളും പിശാച് അവനിലേക്ക് എത്തിക്കുന്നു. അവയാ കട്ടെ പുകവലി നിഷിദ്ധമല്ലെന്നും പുകവലിക്കുന്നവൻ തെ റ്റുകാരനാകില്ലെന്നും അവനിൽ തോന്നലുകളുണ്ടാക്കുന്നു.

ആയതിനാൽ തന്നെ പുകവലിക്ക് അടിമയായ എ ല്ലാവരും സത്യം ആഗ്രഹിക്കുന്നുവെങ്കിൽ വിശുദ്ധക്വുർആ നിൽനിന്നും സുന്നത്തിൽനിന്നും തഴെവരുന്ന തെളിവുക ൾ നാം ഹാജരാക്കുന്നു:

അല്ലാഹു ﷻ പറയുന്നു:

...وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَآئِثَ....

((.......നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്തവസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു.......)) (വി. ഖു. 7: 157)

പുകവലി ചീത്ത വസ്തുക്കളിൽ പെട്ടതാണെന്നതിൽ ബുദ്ധിയുള്ളവരാരും തന്നെ സംശയിക്കുകയില്ല.

അല്ലാഹു ﷻ പറയുന്നു:

....وَلاَ تُلْقُواْ بِأَيْدِيكُمْ إِلَى التَّهْلُكَةِ....

((...........നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ ത ള്ളികളയരുത്. . ...)) (വി. ഖു. 2:195)

പുകവലി നാശഹേതുക ങ്ങളായ രോഗങ്ങളിൽ മനുഷ്യനെ തള്ളിയിടും എന്നതിൽ സംശയം ഇല്ല; ഒരിക്കലും.

അല്ലാഹു ﷻ പറയുന്നു:

........وَلاَ تَقْتُلُواْ أَنفُسَكُمْ إِنَّ اللَّهَ كَانَ بِكُمْ رَحِيمًا

((..........നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.)) (വി. ഖു. 4: 29)

പുകവലി ഇഞ്ചിഞ്ചായി മനുഷ്യനെ കൊല്ലുന്ന കൊടുംപാതകിയാണ്.[4]

---

[4] **W.H.O.** ഉണർത്തുന്നു:

പ്രതിവർഷം, അമേരിക്കയിൽ 3,46,000 വും ബ്രിട്ടനിൽ 55,000 വും സ്വീഡനിൽ 8,000 വും ചൈനയിൽ 1,40,000

അല്ലാഹു ﷻ പറഞ്ഞു:

.....وَلاَ تُبَذِّرْ تَبْذِيرًا.

((......നീ (ധനം)ദുർവ്യയം ചെയ്തുകളയരുത്.))(വി.ക്വു.17: 26)

പുകവലി ധൂർത്തും പണം ദുർവ്യയം ചെയ്യലുമാണ്; തീർച്ച.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لاَ ضَرَرَ وَلاَ ضِرَارَ»

«ഞാൻ ആരെയും ഉപദ്രവിക്കാനില്ല എന്നെ ആരും ഉപദ്രവിക്കുവാനും പാടില്ല» [5] സ്വന്തത്തിനും കുടുംബത്തിനും കുട്ടികൾക്കും കൂടെയിരിക്കുന്നവർക്കും ഒരുപോലെ ഉപദ്രവകാരി മാത്രമാണ് പുകവലി.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ آذَى مُسْلِماً فَقَدْ آذَانِي وَمَنْ آذَانِي فَقَدْ آذَى اللهَ»

«ഒരാൾ ഒരു മുസ്ലിമിനെ ഉപദ്രവിച്ചാൽ അവൻ എന്നെ ഉപദ്രവിച്ചു. ഒരാൾ എന്നെ ഉപദ്രവിച്ചാൽ അവൻ അല്ലാഹുവിനെ ഉപദ്രവിച്ചു» [6] പുകവലി അയൽവാസിക്കും കൂട്ടുകാർ

---

വും വ്യക്തികൾ മരണപ്പെടുന്നത് പുകവലിയാലുള്ള അപകടങ്ങൾ കാരണമാണ്.

[5] മുസ്നദു അഹ്മദ്. സുനനു ഇബ്നിമാജഃ. അൽബാനി ഹദീഥിനെ 'സ്വഹീഹ് ' ആക്കിയിട്ടുണ്ട്.

[6] മുസ്നദു അഹ്മദ്, മുഅ്ജമുത്ത്വബറാനി.

ക്കും നമസ്കരിക്കുന്നവർക്കും കർമ്മങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകൾക്കും ഒരു പോലെ ഉപദ്രവമാണ്.

ഈ തെളിവുകളെല്ലാം[7] പുകവലിയും അതുകൊണ്ടുള്ള ഇടപാടുകളും ഹറാമാണെന്ന് അറിയിക്കുന്നു. ഈ

---

[7] പുകവലിയും അതുകൊണ്ടുള്ള ഇടപാടുകളും ഹറാമാണെന്ന് വിധിക്കുവാൻ വേറെയും ഹദീഥുകൾ പണ്ഡിതന്മാർ തെളിവിനായി കൂട്ടുപിടിച്ചിട്ടുണ്ട്. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കുവാൻ ചിലത് ഈ അടിക്കുറിപ്പിൽ കൊടുക്കുന്നു:

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« مَنْ أَكَلَ ثُوماً أَوْ بَصَلاً فَلْيَعْتَزِلْنَا . أَوْ قَالَ : فَلْيَعْتَزِلْ مَسْجِدَنَا وَلْيَقْعُدْ فِي بَيْتِهِ »

«ആരെങ്കിലും വെളുത്തുള്ളിയോ, ചുവന്നുള്ളിയോ ഭക്ഷിച്ചാൽ നമ്മളിൽനിന്നും (അല്ലെങ്കിൽ നബി ﷺ പറഞ്ഞു) നമ്മുടെ പള്ളികളിൽ നിന്നും വിട്ട് നിൽക്കട്ടെ. അവൻ അവന്റെ വീട്ടിൽ ഇരുന്നുകൊള്ളട്ടെ»

ഇമാം മുസ്‌ലിം رحمه الله യുടെ മറ്റൊരു റിപ്പോർട്ടിൽ:

«مَنْ أَكَلَ الْبَصَلَ وَالثُّومَ والكُرَّاثَ فَلاَ يَقْرَبَنَّ مَسْجِدَنَا؛ فَإِنَّ الْمَلاَئِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ »

«ഉള്ളിയോ, വെളുത്തുള്ളിയോ. ഉള്ളിപുല്ലോ, തിന്നവൻ നമ്മുടെ പള്ളിയെ സമീപിക്കരുത്. മനുഷ്യർക്ക് ക്ലേശമുണ്ടാക്കുന്നത് മലക്കുകൾക്കും ക്ലേശമുണ്ടാക്കുന്നതാണ്»

ഉമർ ﷺ വെള്ളിയാഴ്ച ജുമുഅഃ ഖുതുബ നിർവ്വഹിക്കവെ ഇപ്രകാരം പറഞ്ഞു:

( ثُمَّ إِنَّكُمْ أَيُّهَا النَّاسُ ، تَأْكُلُونَ شَجَرَتَيْنِ لاَ أَرَاهُمَا إِلاَّ خَبِيثَتَيْنِ: هَذَا البَصَلَ والثُومَ ، لَقَدْ رَأَيْتُ رَسُولَ اللهِ ﷺ إِذَا وَجَدَ رِيحَهُمَا مِنَ الرَجُلِ فِي المَسْجِدِ أُمِرَ بِهِ فَأُخْرِجَ إِلَى الْبَقِيعِ ، فَمَنْ أَكَلَهُمَا فَلْيُمِتْهُمَا طَبْخاً )

"ജനങ്ങളെ, നിങ്ങൾ ഉള്ളിയും വെളുത്തുള്ളിയും തിന്നുന്നു. ഞാനാവട്ടെ അവ രണ്ടും ഉപദ്രവകാരികളായിട്ട് മാത്രമാണ് കാണുന്നത്. തീർച്ചയായും അല്ലാഹുവിന്റെ റസൂൽ ﷺ പള്ളിയിൽവന്ന ആരിലെങ്കിലും അവയുടെ വാസന അറിഞ്ഞാൽ അയാളെ ബകീഅ് (ക്വബ്റ്സ്ഥാന്റെ) ഭാഗത്തേക്ക് പുറത്താക്കാൻ കൽപ്പിക്കപ്പെടുമായിരുന്നു. നിങ്ങളിൽ ആരെങ്കിലും ഉള്ളിയോ വെളുത്തുള്ളിയോ ഭക്ഷിക്കുന്നുവെങ്കിൽ വേവിച്ച് അതിന്റെ വാസന കളയുക"

തിന്നൽ അനുവദനീയമായ ഈ രണ്ട് ഭക്ഷ്യവസ്തുക്കളുടെ വാസനയുടെ വിഷയത്തിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞകാര്യമാണ് ഉപരിസൂചിത ഹദീഥുകൾ. അപ്പോൾ പിന്നെ സ്വന്തത്തേയും അന്യരേയും ഒരുപോലെ ഉപദ്രവിക്കുന്നതും ദുർഗന്ധം വമിക്കുന്നതും വൃത്തികെട്ടതുമായ പുകയില ഉത്പന്നങ്ങളുടെ അവസ്ഥ എന്തായിരിക്കും? അതിന്റെ ഗന്ധമാകട്ടെ ഉള്ളിയുടേയും വെളുതുള്ളിയുടേയും ഗന്ധത്തേക്കാൾ രൂക്ഷമാണുതാനും.

കാര്യം ഒരു നിഷേധിയോ, മർക്കട മുഷ്ടിക്കാരനോ അല്ലാതെ നിഷേധിക്കില്ല.

പുകവലിക്ക് അടിമപ്പെട്ട സുഹൃത്തേ, പുകവലിക്കൽ നിഷിദ്ധമാണെന്നതിന് ഇതിൽപരം തെളിവുകൾ താങ്കൾക്ക് ആവശ്യമുണ്ടോ? വിശുദ്ധ ക്വുർആനിന്റെയും തിരുസു

---

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«....وَمَنْ شَرِبَ سُمًّا فَقتلَ نَفْسَهُ ، فَهُوَ يَتَحَسَّاهُ فِي نَارِ جَهَنَّمَ خَالِداً مُخَلَّداً فِيهَا أَبَداً»

«...ആരെങ്കിലും വിഷം കുടിക്കുകയും ആത്മഹത്യ നടത്തുകയും ചെയ്താൽ അവൻ നരകത്തീയിൽ നിത്യവാസിയായി അത് (വിഷം) കുടിച്ചുകൊണ്ടേയിരിക്കും» (ബുഖാരി, മുസ്ലിം) പുകയില ഉത്പന്നങ്ങളിൽ ധാരാളം വിഷവസ്തുക്കൾ ഉൾകൊള്ളുന്നതിനാൽ യഥാർത്ഥത്തിൽ പുകവലിക്കാരൻ ചെയ്യുന്നത് സ്വന്തത്തെതന്നെ ഇഞ്ചിഞ്ചായി കൊല്ലുകയാണ്.

ന്നത്തിന്റേയും വെളിച്ചത്തിൽ ഈ മതവിധികൾ കേട്ടതിൽ പിന്നെ വൃത്തികെട്ട പുകവലി താങ്കൾക്ക് ചേർന്നതാണോ? മനുഷ്യബുദ്ധിയുടെ താൽപര്യവും പുകവലി വൃത്തികെട്ടതാണെന്ന് നാം ഉണർത്തിയല്ലോ?

ഇത്തരമൊരു ദുഷിച്ച സമ്പ്രദായം താങ്കളെ അടിമപ്പെടുത്തുകയെന്നതും താങ്കൾ അതിന് ദാസ്യവേല ചെയ്യുകയെന്നതും നിന്ദ്യമല്ലേ? മില്യൻ കണക്കിന് ആളുകളെ ഈ ദുഷിപ്പ് തന്റെ ആധിപത്യത്തിന് കീഴിലാക്കിയിട്ടുണ്ട്. അവർ വിചാരിക്കുന്നതാകട്ടെ, പുകവലിക്കൽ പുരോഗതിയുടേയും, നാഗരികതയുടേയും, പൗരുഷത്തിന്റേയും പ്രഭാവത്തിന്റേയും അഡ്രസ് ആണെന്നാണ്. യഥാർത്ഥത്തിൽ പുകവലിക്കൽ അല്ലാഹു ﷻ യോടും അവന്റെ തിരുദൂതൻ ﷺ യോടുമുള്ള ധിക്കാരമാണ്. അതോടൊപ്പം തനിക്ക് ദോഷകരമാണ് എന്ന് ഉറപ്പുള്ള ഒരു സംഗതിയിലേക്ക് മുന്നേറുവാനുള്ള ഉദ്ദേശവും മനക്കരുത്തിന്റെ ദുർബലതയുമാണ് പുകവലിക്കുന്നതിലുള്ളത്.[8]

---

[8] **പുകവലി ഹറാമാണെന്ന് പറഞ്ഞ ഹനഫീ മദ്ഹബിലെ പണ്ഡിതന്മാർ:**

1. ശൈഖ് മുഹമ്മദ് അൽഅയ്നി. അദ്ദേഹത്തിന് ഒരു ലഘുകൃതി പുകവലി ഹറാമാണെന്ന വിഷയത്തിൽ ഉണ്ട്. നാല് മാർഗ്ഗേണ പുകവലി ഹറാമാണെന്ന് അദ്ദേഹം അതിൽ സ്ഥിരീകരിച്ചിട്ടുണ്ട്.
2. ശൈഖ് മുഹമ്മദ് അൽഖവാജ.
3. ഈസാ അശ്ശഹാവി അൽഹനഫി.
4. മക്കി ഇബ്നു ഫർറൂഖ്.
5. ശൈഖ് സഅ്ദ് അൽബല്ഖീ അൽമദനി.

6. ഉമർ ഇബ്നു അഹ്മദ് അൽമിസ്വ്രി അൽഹനഫി.
7. കോൺസ്റ്റാന്റിനോപ്പിൾ മുഫ്തി അബു സ്സഊദ്.

ഇവരെക്കൂടാതെ ഹനഫീ മദ്ഹബിലെ വേറേയും പണ്ഡിതന്മാർ പുകവലി ഹറാമാണെന്ന് അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

**പുകവലി ഹറാമാണെന്ന് പറഞ്ഞ മാലികീ മദ്ഹബിലെ പണ്ഡിതന്മാർ:**

1. അല്ലാമാ അബൂ സെയ്ദ് സയ്യിദീ അബ്ദുറഹ്മാൻ അൽ ഫാസി, അദ്ദേഹം പറഞ്ഞു: "അവലംബിക്കൽ അനിവാര്യമായതും ദീനിന്റേയും ദുനിയാവിന്റേയും നന്മക്കു വേണ്ടി മടങ്ങേണ്ടതുമായ അഭിപ്രായം; പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കൽ ഹറാമാണ് എന്നതാണ്. പുകവലി ഹറാമാണെന്നത് പരസ്യം ചെയ്യലും വിളംബരപ്പെടുത്തലും മുസ്ലിംനാടുകളിൽ പ്രചരിപ്പിക്കലും നിർബന്ധമാണ്. കാരണം, അനുഭവസ്ഥരും വിവേകമുള്ളവരുമായ ധാരാളമാളുകൾ പുകയില ഉത്പന്നങ്ങളുടെ ഉപയോഗം തളർച്ചയും മരവിപ്പും ഉണ്ടാക്കും എന്ന് അംഗീകരിച്ചക്കുന്നു.
2. ശൈഖ് ഇബ്റാഹീം അല്ലക്വാനി.
3. ശൈഖ് സാലിം അസ്സൻഹൂറി

ഇവരെക്കൂടാതെ മാലികീ മദ്ഹബിലെ ധാരാളം പണ്ഡിതന്മാർ പുകവലി ഹറാമാണെന്ന് അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

**പുകവലി ഹറാമാണെന്ന് ഫത്‌വ പറഞ്ഞ ശാഫിഈ പണ്ഡിതന്മാർ:**

1. ഇബ്നു അല്ലാൻ. 'റിയാദുസ്സ്വാലഹീനിനും, അൽഅദ്കാറിനും വിവരണം എഴുതിയ പണ്ഡിതനാണ് അദ്ദേഹം. പുകവലി ഹറാമാണെന്ന വിഷയത്തിൽ അദ്ദേഹത്തിന് രണ്ട് ലഘുകൃതികൾ ഉണ്ട്.
2. ശൈഖ് അബ്ദുർ റ്വഹീം അൽഗസ്സി.
3. ഇബ്റാഹീം ഇബ്നു ജംആൻ.
4. അബൂബക്കർ ഇബ്നു മുഹമ്മദ് അൽഅഹ്ദൽ
5. ക്വൽയൂബി.
6. ബുജയ്രിമി.

ഇവരെക്കൂടാതെ ശാഫിഈ മദ്ഹബിലെ ധാരാളം പണ്ഡിതന്മാർ പുകവലി ഹറാമാണെന്ന് അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നു.

**പുകവലി ഹറാമാണെന്ന് പറഞ്ഞ ഹമ്പലീ മദ്ഹബിലെ പണ്ഡിതന്മാർ:**

പുകവലി ഹറാമാണെന്ന വിഷയത്തിൽ ഹമ്പലീ മദ്ഹബിലെ പണ്ഡിതന്മാർ - ഒറ്റപ്പെട്ട, അവലംബയോഗ്യമല്ലാത്ത അഭിപ്രായങ്ങൾ മാറ്റിവെച്ചാൽ - എല്ലാവരും ഏകോപിച്ചിരിക്കുന്നു.

1. ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്.
2. ശൈഖ് മുഹമ്മദ് ഇബ്നു ഇബ്റാഹീം ആലു ശൈഖ്.
3. ശൈഖ് അബ്ദുർറഹ്മാൻ നാസ്വിർ അസ്സഅ്ദി.
4. അബ്ദുല്ല അബൂ ബത്വീൻ.

# ചിന്തോദ്ദീപക നിർദ്ദേശങ്ങൾ

**ഒന്ന്:** സുഹൃത്തേ, താങ്കൾ അല്ലാഹുവിനോടുള്ള അടിമത്വത്തിലാണെന്നതിന്റെ തേട്ടങ്ങളിൽ പെട്ടതാണ്; അവനെ അനുസരിക്കുക, അവനോട് അനുസരണക്കേട് കാണിക്കാതിരിക്കുക. അവന് നന്ദി കാണിക്കുക, അവനോട് നന്ദികേട് കാണിക്കാതിരിക്കുക. അവനെ സദാ ഓർക്കുക, അവനെ മറക്കാതിരിക്കുക എന്നീകാര്യങ്ങൾ. അപ്രകാരംതന്നെ അവൻ താങ്കൾക്ക് വിജയകരവും, ആരോഗ്യപരവുമായ കാര്യങ്ങളാണ് കൽപ്പിക്കുക. താങ്കൾക്ക് ഇഹത്തിലും, പരത്തിലും ചീത്തപര്യവസാനമുള്ളതും ദൗർഭാഗ്യകരവുമായത് മാത്രമാണ് അവൻ താങ്കളോട് വിലക്കുക എന്നത് താങ്കൾ അറിയലും താങ്കൾ അല്ലാഹുവിനോടുള്ള അടിമത്വത്തിലാണെ

---

തുടങ്ങി ഹമ്പലീ മദ്ഹബിലെ പണ്ഡിതന്മാർ എല്ലാവരും പുകവലി ഹറാമാണെന്ന വിഷയത്തിൽ ഏകോപിച്ചിരിക്കുന്നു.

ന്നതിന്റെ തേട്ടങ്ങളിൽ പെട്ടതാണ്. പുകവലി അല്ലാഹു ﷻ ഹറാമാക്കിയതാണെന്നതിൽ സംശയമില്ല. താങ്കൾ കൈ വെടിയണമെന്ന് അല്ലാഹു ﷻ ആജ്ഞാപിക്കുകയും ചെയ്തതാണെന്നതിൽ സംശയമില്ല. അങ്ങിനെ അല്ലാഹു ﷻ യോടുള്ള താങ്കളുടെ വിധേയത്വത്തെ താങ്കൾ സത്യസന്ധമാക്കുക.

**രണ്ട്:** താങ്കളുടെ സമ്പത്തിനെക്കുറിച്ച് താങ്കൾ ചോദ്യം ചെയ്യപ്പെടും; അത് എവിടെ നിന്ന് സമ്പാദിച്ചു, എന്തിൽ വിനിയോഗിച്ചു. താങ്കളുടെ ആയുസ്സിനെകുറിച്ച് ചോദ്യം ചെയ്യപ്പെടും; അത് എന്തിൽ നശിപ്പിച്ചു എന്നതിനെകുറിച്ച്. താങ്കളുടെ യൗവ്വനം ചോദ്യംചെയ്യപ്പെടും; അത് എന്തിൽ പാഴാക്കിയെന്ന്. ആയതിനാൽ ഈ വിചാരണക്കുള്ള ഉത്തരം നൽകുവാൻ താങ്കൾ തയ്യാറാകുക. ഉത്തരം ശരിയായതുമാക്കുക. താങ്കളുടെ ആരോഗ്യത്തിൽ നിന്ന് രോഗം വരുന്നതിനുമുമ്പ് താങ്കൾ മുതലെടുക്കുക. താങ്കളുടെ സമ്പത്തുകൊണ്ട് ദാരിദ്ര്യം വരുന്നതിന് മുമ്പ് മുതലെടുക്കുക. താങ്കളുടെ ജീവിത കാലയളവിൽ നിന്ന് താങ്കൾക്ക് മരണം വരുന്നതിനുമുമ്പ് താങ്കൾ മുതലെടുക്കുക. ഇവ കൊണ്ട് ലാഭം നേടിയെടുക്കുവാനാണല്ലോ അല്ലാഹുവിന്റെ റസൂൽ ﷺ നമ്മോട് വസിയ്യത്ത് ചെയ്തത്.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لا تَزُولُ قَدِمَا عَبْدٍ يَوْمَ الْقِيَامَةِ حَتَّى يُسْأَلَ عَنْ خَمْسٍ: عَنْ عُمُرُهِ فِيمَا أَفْنَاهُ ؟ وَعَنْ شَبَابِهِ فِيمَا أَبْلاهُ ؟ وَعَنْ مَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَا أَنْفَقَهُ ؟ وَعَنْ عَلِمهِ مَاذَا عَمِلَ فِيهِ؟»

«ആദം സന്തതികളുടെ ഇരുകാൽപ്പാദങ്ങളും അന്ത്യനാളിൽ (അല്ലാഹുവിന്റെ മുന്നിൽനിന്നും) നീങ്ങിപ്പോവുകയില്ല; അഞ്ച് കാര്യങ്ങളെക്കുറിച്ച് അവൻ ചോദിക്കപ്പെടാതെ. തന്റെ ആയുസ്സിനെക്കുറിച്ച്; അത് എന്തിൽ നശിപ്പിച്ചുവെന്ന്. തന്റെ യൗവ്വനത്തെക്കുറിച്ച്; അത് എന്തിൽ ക്ഷയിപ്പിച്ചുവെന്ന്. തന്റെ സമ്പത്തിനെക്കുറിച്ച്; അത് എവിടെനിന്നും സമ്പാദിച്ചു, അത് എന്തിൽ ചിലവഴിച്ചു. തന്റെ അറിവിനെക്കുറിച്ച്; അതുകൊണ്ട് എന്ത് കർമ്മം ചെയ്തു.» [9]

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

« اغتنم خمسا قبل خمس : شبابك قبل هرمك ، وصحتك قبل سقمك ، وغناك قبل فقرك ، وفراغك قبل شغلك ، وحياتك قبل موتك »

«അഞ്ച് കാര്യങ്ങൾ(വന്നെത്തുന്നതിനു)മുമ്പ് അഞ്ച് കാര്യങ്ങൾ കൊണ്ട് താങ്കൾ പ്രയോജനമെടുക്കുക. താങ്കളുടെ

---

[9] മുസ്നദു അഹ്മദ്. സുനനുത്തിർമുദി. അൽബാനി ഹദീഥിനെ 'ഹസൻ ' ആക്കിയിട്ടുണ്ട്.

വാർദ്ധ്യകത്തിന് മുമ്പ് താങ്കളുടെ യൗവ്വനംകൊണ്ട്, താങ്കളുടെ രോഗത്തിന് മുമ്പ് താങ്കളുടെ ആരോഗ്യം കൊണ്ട്, താങ്കളുടെ ദാരിദ്ര്യത്തിന് മുമ്പ് താങ്കളുടെ ഐശ്വര്യം കൊണ്ട്, താങ്കൾ ജോലിയിൽ വ്യാപൃതനാകുന്നതിന് മുമ്പ് താങ്കളുടെ ഒഴിവുസമയം കൊണ്ട്, താങ്കളുടെ മരണത്തിന് മുമ്പ് താങ്കളുടെ ജീവിതം കൊണ്ട്.» [10]

**മൂന്ന്:** ജനങ്ങൾ വർദ്ധിച്ചസമ്പത്തുക്കൾ സുഗന്ധവസ്തുക്കൾ വിലക്കുവാങ്ങാൻ ചിലവഴിക്കുന്നു. അത് അവർക്ക് നിർവൃതി പകരുന്നു. അവരുടെ ഹൃദയങ്ങളെ സന്തോഷഭരിതമാക്കുന്നു. എന്നാൽ പുകവലിക്കാരൻ അവനിൽ നിന്ന് ദുർഗന്ധമാണ് വമിക്കുന്നത്. അത് അവനിൽനിന്ന് ആളുകൾക്ക് അകൽച്ചയും അറപ്പുമാണ് ഉണ്ടാക്കുന്നത്.

**നാല്:** ബുദ്ധിമാന്മാർ ഔന്നത്യമാണ് അന്വേഷിക്കുന്നത്; അവരെ മറ്റുള്ളവർ മാതൃകയാക്കുന്നതിനുവേണ്ടി. എന്നാൽ പുകവലിക്കുന്നവൻ പതിതാവസ്ഥയിലേക്കാണ് ഇറങ്ങികൊണ്ടിരിക്കുന്നത്. അധോഗതിയുടെ ആഴങ്ങളിലേക്ക് അവൻ സ്വന്തത്തെ തള്ളിയിടുന്നു. അതിനാൽ അവൻ പുകവലിക്കാത്തവർക്ക് ചീത്ത മാതൃകയാകുന്നു. കുട്ടികളും മറ്റും അയാളിൽ സ്വാധീനിക്കുകയും പുകവലിക്കാരാവുകയും ചെയ്യുന്നു. പൊതുവെ പുകവലി തിന്മയുടെ കവാടമാണ്. അത് തുറക്കപ്പെട്ടാൽ അറ്റമില്ലാത്ത തിന്മകളാണ് വന്നണയുന്നത്. ഒരിക്കലും താങ്കൾ ഇത്തരമൊരു പാതാളത്തിലേക്ക് വീഴാൻ നിൽക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

---

[10] മുസ്തദ്റക്, ഹാകിം. സുനനുൽ കുബ്റാ, ബയ്ഹകി. അൽബാനി ഹദീഥിനെ 'സ്വഹീഹ്' ആക്കിയിട്ടുണ്ട്.

**അഞ്ച്:** ബുദ്ധിയുള്ള മനുഷ്യർ മാത്രമാണ് ഈ ഹ്രസ്വമായ ജീവിതത്തിൽ എവിടെ നിലയുറപ്പിക്കണം എന്ന ബോദ്ധ്യമുള്ളവർ. കാരണം, ജീവിതം വളരെ ചുരുക്കമാണ്; അത് എത്ര ദീർഘിച്ചാലും മരണം വന്നെത്തും, നിസ്സംശയം. താങ്കളുടെ ആരോഗ്യവും, ജീവിതവും, സമ്പത്തും, അല്ലാഹു ﷻ താങ്കളിലേൽപ്പിച്ച സൂക്ഷിപ്പുസൊത്താണ്. ഒരിക്കലും താങ്കൾ അതിൽ വീഴ്ചവരുത്തുവാൻ പാടില്ല താങ്കൾ ഉണരുക, താങ്കളിൽ അല്ലാഹു ﷻ ബർക്കത്ത് ചൊരിയട്ടെ... താങ്കളുടെ സൂക്ഷ്മതയില്ലാത്ത ജീവിതത്തിന് വിരാമമിടുക. അല്ലാഹു ﷻ യോട് തൗബ ചെയ്യുക. സഹായം അവനോട് മാത്രം അഭ്യർത്ഥിക്കുക. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ لِلْمَغْرِبِ بَابًا مَفْتُوحًا لِلتَّوْبَةِ مَسِيرَةُ سَبْعِينَ سَــنَةً، لا يُغْلَقُ حَتَّى تَطْلُعَ الشَّمْسُ مِنْ مَغْرِبِهَا »

«നിശ്ചയം അല്ലാഹു ﷻ തൗബക്ക് ഒരു വാതിൽ പടിഞ്ഞാറിൽ നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ വലുപ്പം എഴുപത് വർഷ ദൂരമാണ്. സൂര്യൻ അതിന്റെ പടിഞ്ഞാറിൽ നിന്ന് ഉദിക്കുന്നതുവരെ അത് അടക്കപ്പെടുകയില്ല.»[11]

പുകവലി ഉപേക്ഷിക്കുമെന്നതിൽ താങ്കൾ സത്യസന്ധനാണെങ്കിൽ, താങ്കൾ സംശയിക്കുന്നതും നീട്ടി വെക്കുന്നതും സൂക്ഷിക്കുക. കരുത്താർന്നതും, ഗൗരവമാർന്നതും, പെട്ടന്നുള്ളതുമായ ഒരു നിലപാട് താങ്കൾ സ്വീകരിക്കുക.

---

[11] മുസ്നദു അഹ്മദ്. സുനനുത്തിർമുദി. ഇമാം തിർമുദി ഹദീഥിനെ 'ഹസൻ ' ആക്കിയിട്ടുണ്ട്.

കാരണം പെട്ടന്ന് വിട്ടുനിൽക്കുകയെന്നതാണ് ഏറ്റവും ഉപകാരപ്രദമായ മാർഗ്ഗം. പുകവലി ഉപേക്ഷിച്ചവർക്ക് ഇത് അനുഭവവേദ്യമായ വിഷയമാണ്. എന്നാൽ തൗബ ചെയ്യുന്നതിൽ അമാന്തിക്കലും നീട്ടിവെക്കലും പിശാചിന്റെ കവാടങ്ങൾ തുറക്കൽ തന്നെയാണ്.

തീർച്ചയായും, ഈ ജീവിത വിജയത്തിന്റെ രഹസ്യം മനുഷ്യന്റെ അഭിലാഷമാണ്. അത് മഹത്തുക്കളുടെ മേൽവിലാസവുമാണ്. അവർ ഒരുകാര്യം ഉദ്ദേശിച്ചാൽ, അവരെ ഒരിക്കലും യാതൊന്നും പ്രസ്തുത കാര്യത്തിൽനിന്ന് മടക്കിയിരുന്നില്ല. ആ കാര്യം തേടിപിടിക്കുവാൻ അവർ എല്ലാ മാർഗ്ഗങ്ങളിലും പ്രവേശിച്ചിരുന്നു. അതിനുവേണ്ടി അവർ എല്ലാ ദുർഘടങ്ങളും താണ്ടിയിരുന്നു. ആയതിനാൽ താങ്കൾ, ശക്തമായ അഭിലാഷങ്ങളും ഉന്നതമായ മനക്കരുത്തുമുള്ളവനാവുക. പുകവലി താങ്കളെ നശിപ്പിക്കുന്നതിന് മുമ്പ് താങ്കൾ അതിൽനിന്നും രക്ഷപ്പെടുക. താങ്കളെ പുകവലിക്കുവാൻ പ്രേരിപ്പിക്കുന്നവരിൽനിന്ന് താങ്കൾ അകന്ന് കഴിയുവാൻ താൽപര്യം കാണിക്കുക. അതില്ലെങ്കിൽ പ്രതിരോധിക്കുവാൻ താങ്കൾക്ക് ശേഷിക്കുറവുണ്ടായെന്നുവരും. പുകവലിയെന്ന ദുശ്ശീലത്തിലേക്ക് താങ്കൾ വീണ്ടും മടങ്ങുകയും ചെയ്യും.

# ബാലിശമായ
# ചില ന്യായവാദങ്ങൾ

**ഒന്ന്:** പുകവലിച്ചിരുന്നവരിൽ ചിലരെങ്കിലും കുറേക്കാലം ജീവിച്ചിട്ടുണ്ടെന്നും അവരെപുകവലി ബാധിച്ചിട്ടില്ലെന്നും ചിലർ പറയാറുണ്ട്. ഇത് ഒരുവേള ശരിയായിരിക്കാം. എന്നാൽ അവരുടെ പുകവലി സ്വശരീരങ്ങളെ ബാധിച്ചിട്ടില്ലെങ്കിലും അവരുടെ സമ്പത്തിനേയും സ്വഭാവങ്ങളേയും ദീനിനേയും സമൂഹത്തേയും ബാധിച്ചിട്ടുണ്ട്. ചിലപ്പോൾ അതിന്റെ അപകടം വർഷങ്ങൾക്ക് ശേഷമായിരിക്കും പ്രകടമാവുക. പുകവലി ശീലമാക്കിയവരിൽ കാണപ്പെടുന്ന ഒരു യാഥാർത്ഥ്യമാണല്ലോ അത്. കൂടാതെ പുകവലിയുടെ വിഷയത്തിൽ വൈദ്യശാസ്ത്ര രംഗത്ത് നിസ്തർക്കമായ ഒരു യാഥാർത്ഥ്യമുണ്ട്: 'പുകവലി ആരോഗ്യത്തിന് ഹാനികരമാണ്". ഇത്തരക്കാരോട് നമുക്ക് ചോദിക്കുവാനുള്ളത്: താങ്കളുടെ മക്കൾ പുകവലിക്കുന്നത് താങ്കൾക്ക് ഇഷ്ടമാണോ? അവർ പുകവലിക്കുവാൻ താങ്കൾ അവരെ ഉപദേശിക്കുമോ അതല്ല അവരെ വിലക്കുമോ? അവരെ പുകവിലക്കുകയാണെങ്കിൽ എന്തായിരിക്കും താങ്കൾ അവരോട് പറയുക?

**രണ്ട്:** പുകവലി ഉപേക്ഷിക്കുവാൻ കഴിയില്ലെന്ന് ചിലർ പറയാറുണ്ട്. നമുക്ക് അവരോട് പറയുവാനുള്ളത്: മനുഷ്യന് ദിവസങ്ങളോളം ഭക്ഷണ പാനീയങ്ങളിൽനിന്ന് വിട്ട് നിൽക്കുവാൻ കഴിയുന്നു. പിന്നെ എങ്ങനെയാണ് യാതൊരു ഉപ

കാരവും പോഷകവും നൽകാത്ത പുകയിലയിൽനിന്നും അതിന്റെ ഉത്പന്നങ്ങളിൽനിന്നും അവന് വിട്ട് നിൽക്കുവാൻ കഴിയാത്തത് !!

സുഹൃത്തേ, സ്വന്തത്തോടുതന്നെ സത്യസന്ധമായ ഒരു നിലപട് ആവശ്യമായി വന്നിരിക്കുകയാണ്. പ്രസ്തുത നിലപാടിനെ അല്ലാഹു ﷻ യുടെ വിധിവിലക്കുകളോട് തട്ടിച്ച് നോക്കുകയും അതിനനുസരിച്ച് നിർണയിക്കുകയും വേണം. സ്വശരീരത്തോട് ചോദിക്കുക: തന്റെ നിലപാടുകൾ സ്വീകാര്യതയുടേയും സമർപ്പണത്തിന്റേയും കീഴ്വണക്കത്തിന്റേയും നിലപാടുകളാണോ? അതല്ല സംശയത്തിന്റേയും ചാഞ്ചാട്ടത്തിന്റേയും റബ്ബ് ﷻ യുടെ തീരുമാനത്തിന് കീഴൊതുങ്ങാത്തതുമായ നിലപാടുകളാണോ ?

ശരീരം റബ്ബ് ﷻ ലേക്ക് മടങ്ങുന്നതുവരെ സുവ്യക്തമായ ഒരു നിലപാട് സ്വന്തത്തിന്റെ വിഷയത്തിൽ ഉണ്ടാക്കൽ അനിവാര്യമാണ്. അല്ലാഹു ﷻ പറഞ്ഞു:

فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّىَ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُواْ فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُواْ تَسْلِيمًا

((ഇല്ല, നിന്റെ രക്ഷിതാവിനെതന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല))(വി.ക്വു. 4:65)

അല്ലാഹു ﷻ പറഞ്ഞു:

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَن يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُّبِينًا

((അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ, സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു)) (വി. ക്വു: 33:36)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لاَ يؤمنُ أحدكم حَتَى يكون هواهُ تبعاً لما جئتُ بهِ»

«നിങ്ങളിൽ ആരും വിശ്വാസി ആവുകയില്ല; അവന്റെ ഇച്ഛ ഞാൻ കൊണ്ടുവന്ന (ദീനിനെ) പിന്തുടരുന്നതുവരെ»[12]

ഒരു സത്യവിശ്വാസിയുടെ ക്വൽബിൽ ഈ യാഥാർത്ഥ്യങ്ങൾ സ്ഥാനം പിടിക്കുമ്പോൾ സൃഷ്ടാവിന്റെ മാർഗ്ഗത്തിൽ ഏതു കാര്യവും ഉപേക്ഷിക്കൽ അതിന് വളരെ എളുപ്പമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ യുടെ സ്വഹാബികളിൽ ചിലർ മദ്യപാനികളായിരുന്നു. എന്നിട്ടും മദ്യപാനം ഹറാമാണെന്ന ആയത്തുകൾ[13] അവതീർണമായപ്പോൾ പെട്ടെന്ന് അവ

[12] മുഅ്ജമുത്ത്വബറാനി. ഇമാം നവവി ഹദീഥിനെ 'സ്വഹീഹ്' ആക്കിയിട്ടുണ്ട്.

[13] സൂറത്തുൽ മാഇദയിലെ 90,91 വചനങ്ങൾ.

ർ അത് അവസാനിപ്പിക്കുകയാണ് ചെയ്തത്. 'കള്ള് വർജി ക്കുവാൻ ഞങ്ങൾക്ക് ശേഷിയില്ല' എന്ന ന്യായം ആരും നിരത്തിയില്ല. പ്രത്യുത എല്ലാവരും പറഞ്ഞു: "ഞങ്ങൾ വിര മിച്ചിരിക്കുന്നു, ഞങ്ങൾ വിരമിച്ചിരിക്കുന്നു."

# പുകവലിക്കാത്തവരോട്

താങ്കൾ, അല്ലാഹു ﷻ യെ സ്തുതിക്കുക, നിശ്ചയം, അവനാണ് താങ്കൾക്ക് സൗഖ്യം പ്രദാനം ചെയ്തത്. അല്ലാഹു ﷻ, മ്ലേച്ഛമായ ഈ സമ്പ്രദായംകൊണ്ടും നാശ കാരിയായ ഈ വിഷംകൊണ്ടും താങ്കളെ പരീക്ഷിച്ചില്ല.

പുകവലിയുടെ ദോഷബാധകൾ പുകവലിക്കുന്നവരി ൽ മാത്രം പരിമിതമല്ല. പ്രത്യുത അത് പുകവലിക്കാത്തവരി ലേക്കും സാംക്രമിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പു കവലിക്കാരുള്ള ഒരു റൂമിൽ, പുകവലിക്കാത്തവൻ ഒരുദിനം നാല് മണിക്കൂർ സമയം ചിലവഴിച്ചാൽ, അയാൾ പത്ത് സി ഗിരറ്റ് വലിക്കുന്നതിന് തുല്യമാകുമെന്നാണ് പ്രസ്തുത പഠ നങ്ങൾ പറയുന്നത്.

ഈ അടിസ്ഥാനത്തിൽ പുകവലിക്കാത്തവൻ പുകവലിക്കുന്നവൻ ഊതിവിടുന്ന പുകശ്വസിച്ചാൽ പുകവലിക്കുന്നവനെപ്പോലെയുള്ള എല്ലാ ഉപദ്രവങ്ങൾക്കും ഇരയാകും. അതാകട്ടെ കാർബൺ ഡൈ ഓക്സൈഡ് വായുവിൽ ഉയരുന്നതിന്റെ ഫലമായും അതിന്റെ തോത് പരിധിക്കും അപ്പുറമാകുന്നതിനാലുമാണ്.

ഒരാൾ പുകവലിക്കുമ്പോൾ കൂടെയിരിക്കുന്നവൻ അതിനെ എതിർക്കുകയോ ആ സദസ്സ് വിടുകയോ ചെയ്തിട്ടില്ലെങ്കിൽ അയാൾ കുറ്റക്കാരനായി മാറും. കാരണം, അതിനെ എതിർക്കാതിരിക്കലും, ആ സദസ്സ് വിട്ടുപോകാതിരിക്കലും പ്രസ്തുത തിന്മയെ ഇഷ്ടപെടലായിട്ടാണ് പരിഗണിക്കപ്പെടുക.

ആയതിനാൽ പുകവലിക്കാത്തവർ, ആദ്യം സ്വന്തം മസ്വ്ലഹത്തിനുവേണ്ടിയും ശേഷം പുകവലിക്കുന്നവന്റെ മസ്വ്ലഹത്തിനുവേണ്ടിയും തങ്ങളുടെ അരികിൽ ആരും പുകവലിക്കാതിരിക്കുവാൻ ശ്രദ്ധിക്കൽ അനിവാര്യമാണ്. ഒരുവേള പുകവലിക്കാർക്ക് വിരമിക്കുവാനും തൗബ ചെയ്യുവാനും അത് സഹായകമായേക്കാം. എല്ലാവരുടെയും സഹകരണമുണ്ടെങ്കിൽ പുകവലിക്കാരുടെ എണ്ണം കുറയുകയും നമ്മുടെ സദസ്സുകളിൽനിന്നും, റോഡുകളിൽനിന്നും, ഓഫീസുകളിൽനിന്നും പുകയില ഉത്പന്നങ്ങൾ അപ്രത്യക്ഷമാവുകയും പുകവലിയുടെ ദൂഷ്യങ്ങളിൽനിന്നും കുഴപ്പങ്ങളിൽനിന്നും എല്ലാവരും സമാശ്വാസം കണ്ടെത്തുകയും ചെയ്യും.

# പുകയില ഉത്പ്പന്നങ്ങൾ വിൽക്കുന്നവരോട്

പുകവലിക്കൽ ഹറാമാണെന്ന് മുൻപറഞ്ഞ തെളിവുകളിലൂടെ വ്യക്തമായല്ലോ? എങ്കിൽ അതുകൊണ്ട് കച്ചവടം നടത്തലും ഹറാമാണ്. കാരണം, അല്ലാഹു ﷻ ഒരു വസ്തു ഹറാമാക്കിയാൽ പ്രസ്തുത വസ്തുവിലൂടെയുള്ള സമ്പാദ്യവും ഹറാമാക്കും. താങ്കളുടെ കച്ചവട സ്ഥാപനത്തിൽ പുകയില ഉത്പന്നങ്ങൾ വിൽക്കാതിരിക്കുക. കാരണം, അത് കുറ്റകൃത്യങ്ങളിൽ സഹകരിക്കലാണ്. കുറ്റകൃത്യങ്ങളിൽ പരസ്പരം സഹകരിക്കൽ അല്ലാഹു ﷻ വിരോധിച്ചതാകയാൽ താങ്കളുടെ കച്ചവട സ്ഥാപനത്തിൽ പുകയില ഉത്പന്നങ്ങൾ വിൽക്കപ്പെടുന്നത് പാപത്തിൽ അന്യോന്യം സഹായിക്കലും, അല്ലാഹു ﷻ വിരോധിച്ചകാര്യത്തെ അതിക്രമിച്ച് ചെയ്യലുമായാണ് പരിഗണിക്കപ്പെടുക. അല്ലാഹു ﷻ പറഞ്ഞു:

وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ

((..........പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്.)) (വി.ക്വു. 5: 2)

ആയതിനാൽ പുകയില ഉത്പ്പന്നങ്ങൾ വിറ്റുകൊണ്ട് ലഭിക്കുന്ന സമ്പാദ്യം ഹറാമും അനുഗ്രഹമറ്റ നിഷിദ്ധ സ്വത്തുമാണ്. കൂടാതെ പ്രസ്തുത സമ്പാദ്യം നരകാഗ്നിയിൽ പ്രവേശിക്കുവാനുള്ള കാരണവുമാണ്. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«لاَ يدخُلُ الْجَنَّةَ لَحْمٌ نَبَتَ مِنْ سُحْتٍ ، وَكُلُّ جَسَـــدٍ نَبَتَ منَ السُّحْتِ فَالنَّارُ أَوْلَى بِه»

«ഹറാമായ സമ്പത്തിലുടെ വളരുന്ന മാംസം ഒരിക്കലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. ഹറാമായ സമ്പത്തിലൂടെ വളരുന്ന ശരീരത്തിന് ഏറ്റവും അർഹമായത് നരകാഗ്നിയാണ്.» [14]

മാത്രമല്ല, ഹറാമായ സമ്പത്തുക്കൾ സ്വദക്വകളും, ദുആകളും സ്വീകരിക്കപ്പെടാതാരിക്കുവാനും കാരണമാകും. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«إِنَّ اللهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّباً»

«നിശ്ചയം, അല്ലാഹു ത്വയ്യിബ് (നല്ലവൻ) ആകുന്നു. നല്ലത് മാത്രമേ അവൻ സ്വീകരിക്കൂ» [15]

---

[14] മുസ്നദ്, അഹ്മദ്. ശുഅബുൽ ഈമാൻ, ബയ്ഹകി. (അൽബാനിയുടെ 'മിശ്കാത്തി'ന്റെ 2772, 'സ്വഹീഹുത്തർഗീബിന്റെ' 1728 എന്നീ ഹദീഥുകളുടെ തഖ്രീജുകൾ നോക്കുക. വിവ:)

[15] സ്വഹീഹു മുസ്ലിം.

കച്ചവടം ചെയ്യുന്ന സുഹൃത്തെ, താങ്കൾ അല്ലാഹു ﷻ യിൽ ശക്തമായ ഈമാനുള്ളവനാകുക, അല്ലാഹു ﷻ യിൽ നന്നായി തവക്കുലാക്കുക, താങ്കളുടെ സ്ഥാപനത്തിൽ പുകയില ഉത്പന്നങ്ങൾ വിൽക്കാതിരിക്കുക. താങ്കളുടെ വരുമാനത്തിൽ പുകയില ഉത്പന്നങ്ങളുടെ വിഹിതം വന്നു ചേരാത്തതാണ് എന്ന് ഉറപ്പ് വരുത്തുക. അല്ലാഹു ﷻ പറയുന്നു:

.......ذَلِكُمْ يُوعَظُ بِهِ مَن كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ وَمَن يَتَّقِ اللَّهَ يَجْعَل لَّهُ مَخْرَجًا

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ إِنَّ اللَّهَ بَالِغُ أَمْرِهِ قَدْ جَعَلَ اللَّهُ لِكُلِّ شَيْءٍ قَدْرًا

"...അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചുകൊണ്ടിരിക്കുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതത്രേ അത്. അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവനൊരു പോംവഴി ഉണ്ടാക്കികൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്. വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപ്പിക്കുന്ന പക്ഷം അവന് അല്ലാഹു തന്നെ മതിയാകുന്നതാണ്. തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഒരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപ്പെടുത്തിയിട്ടുണ്ട്." (വി. ക്വു. 65: 2,3)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«مَنْ تَرَكَ شَيئاً لله عَوَّضَهُ اللهُ خَيْراً مِنْهُ»

« അല്ലാഹുവിനുവേണ്ടി ആരെങ്കിലും വല്ലതും ഉപേക്ഷിച്ചാൽ, അല്ലാഹു അവന് അതിനേക്കാൾ നല്ലത് പകരം നൽകും»[16]

അല്ലാഹു ﷻ യുടെ ഈ കരാറ് അവനോട് സത്യസന്ധത പുലർത്തിയവരോട് അവൻ ഒരിക്കലും ലംഘിക്കുകയില്ലെന്ന് താങ്കൾ ഉറപ്പിക്കുക.

ഹലാലായ സമ്പത്ത് കുറച്ചാണെങ്കിലും അതാണ്, ഹറാമായ വമ്പിച്ച സമ്പത്തിനേക്കാൾ ഉത്തമവും ബർക്കത്തുള്ളതും ഉപകാരപ്രദവും എന്ന് താങ്കൾ അറിയുക. അല്ലാഹു ﷻ പറയുന്നു:

قُل لاَّ يَسْتَوِي الْخَبِيثُ وَالطَّيِّبُ وَلَوْ أَعْجَبَكَ كَثْرَةُ الْخَبِيثِ فَاتَّقُواْ اللَّهَ يَا أُوْلِي الأَلْبَابِ لَعَلَّكُمْ تُفْلِحُونَ

(( (നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർദ്ധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം.))(വി. ക്വു.5:100)

പുകവലിക്കുന്നവന് സ്വന്തത്തിന്റെ പാപഭാരം പേറിയാൽ മതിയാകും. എന്നാൽ പുകയില ഉത്പന്നങ്ങൾ കച്ചവടം നടത്തുന്നവർ തന്നിൽനിന്നും ഈ സാധനങ്ങൾ വാങ്ങുന്നവരുടെ മുഴുവൻ പാപഭാരങ്ങൾ പേറേണ്ടിവരും. എത്ര ആയിരങ്ങളുടെ പാപങ്ങൾക്കും കുറ്റങ്ങൾക്കും ഉപദ്രവ

---

16 മുസ്നദു അഹ്മദ്. അൽബാനി ഹദീഥിനെ 'സ്വഹീഹ്' ആക്കിയിട്ടുണ്ട്. "ഹിജാബുൽ മർഅഃ" നോക്കുക.

ങ്ങൾക്കുമാണ് താങ്കൾ ഒരാൾ കാരണമായത് !! ഇവയെല്ലാം വഹിക്കുവാൻ താങ്കൾക്ക് ശേഷിയുണ്ടോ ?!! ഏതാനും നാണയത്തുട്ടുകൾക്ക് വേണ്ടി നാശത്തിന്റെ വഴിയേ ചലിക്കുവാൻ താങ്കൾക്ക് എങ്ങിനെ മനസ്സുവരുന്നു ?!!

സുഹൃത്തേ, റബ്ബ് سبحانه وتعالى യുടെ കൽപ്പന അനുസരിക്കുന്ന, അവനിൽ ഭരമേൽപ്പിക്കുന്ന, ഹലാലു കൊണ്ട് തൃപ്തിപ്പെടുന്ന, ഹലാല് കുറച്ചാണെങ്കിലും അതുകൊണ്ട് മതിയാക്കുന്ന ആളുകളിൽ ഉൾപ്പെടുവാൻ താങ്കൾ താൽപര്യം കാണിക്കുക.

പണത്തോടുള്ള കൊതികാരണത്താൽ റബ്ബ് سبحانه وتعالى യെ മറക്കുന്നത് താങ്കൾ സൂക്ഷിക്കുക. പണം താങ്കളുടെ ദീനിനേയും ആഖിറത്തിനേയും മറപ്പിക്കുന്നതും താങ്കൾ സൂക്ഷിക്കുക. പ്രസ്തുത മറവി കാരണത്താൽ, താങ്കളുടെ ഇഹവും പരവും ഒരുപോലെ താങ്കൾക്ക് നഷ്ടപ്പെടും.

അല്ലാഹു سبحانه وتعالى എല്ലാ നന്മകൾക്കും നമ്മെ അനുഗ്രഹിക്കട്ടെ, അവൻ നമ്മെ എല്ലാ ആപത്തിൽനിന്നും കാക്കുമാറാകട്ടെ, അവൻ നമ്മെ സൽപ്രവൃത്തികൾക്ക് സഹായിക്കുമാറാകട്ടെ...... അല്ലാഹു سبحانه وتعالى എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവൻ, നമുക്ക് അല്ലാഹു سبحانه وتعالى മതി. അവൻ ഭരമേൽപ്പിക്കുവാൻ എത്ര നല്ലവൻ.

# പുകവലിയുടെ വിഷയത്തിൽ ഏതാനും സുപ്രധാന ഫത്‌വകൾ

## ഒന്ന്

## പുകയില ഉത്പ്പന്നങ്ങളും സിഗരറ്റും നിർമ്മിക്കുന്ന കമ്പനിയിൽ ജോലിചെയ്യൽ

**ചോദ്യം:** ഞാൻ വളരെ ക്ലേശകരമായ ജോലി ചെയ്യുന്ന ഒരു വ്യക്തിയായിരുന്നു. പ്രസ്തുത ജോലിയിൽ തുടരുവാൻ എനിക്കായില്ല. താരതമ്യേന പ്രയാസം കുറഞ്ഞ ഒരു ജോലി അന്വേഷിക്കവേ സിഗരറ്റ് നിർമ്മാണ കമ്പനിയിലാണ് ജോലിതരപ്പെട്ടത്. മാസങ്ങളായി ഞാൻ അവിടെ ജോലിയിൽ തുടരുന്നു. സിഗരറ്റോ, ഇതര പുകയില ഉത്പ്പന്നങ്ങളോ ഞാൻ ഉപയോഗിക്കാറില്ല. ഈ ജോലിയിൽ എനിക്ക് ലഭിക്കുന്ന വേതനം ഹലാലാണോ, അതല്ല ഹറാമാണോ? ഞാൻ കമ്പനിയിൽ ജോലി ചെയ്യുന്നത് തികഞ്ഞ ആത്മാർത്ഥതയിലാണ്.

**ഉത്തരം:** താങ്കൾക്ക് സിഗരറ്റ് നിർമ്മാണ കമ്പനിയിൽ ജോലി ചെയ്യൽ അനുവദനീയമല്ല. കാരണം, സിഗരറ്റ് നിർമ്മാ

ണവും, അത് കച്ചവടം ചെയ്യലും, അതിൽ ഇതര ഇടപാടുകൾ നടത്തലും ഹറാമാകുന്നു. ഇത്തരം കമ്പനികളിൽ ജോലിചെയ്യൽ ഹറാമിന് കൂട്ടുനിൽക്കലാകുന്നു. അല്ലാഹു ﷻ പറയുന്നു:

.......وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ.......

((...പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹകരിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്...)) (വി. ക്വു. 5: 2)

ആയതിനാൽ ഈ കമ്പനിയിൽ താങ്കൾ തുടരൽ നിഷിദ്ധമാണ്. ജോലിയിൽ വേതനമായി ലഭിക്കുന്നതും ഹറാമാണ്. താങ്കൾ അല്ലാഹു ﷻ യോട് തൗബ ചെയ്യുക. ഈ കമ്പനിയിലെ ജോലി ഒഴിവാക്കുക. അനുവദനീയമായ കുറഞ്ഞ സമ്പാദ്യമാണ് ഹറാമായ കൂടിയ സമ്പാദ്യത്തേക്കാൾ ഉത്തമം. കാരണം, ഒരു മനുഷ്യൻ ഹറാമായ സമ്പാദ്യം നേടിയാൽ അല്ലാഹു ﷻ അയാൾക്ക് അതിൽ ബർക്കത്ത് നൽകില്ല. അതിൽ നിന്ന് അവൻ സ്വദക്വ ചെയ്താൽ അല്ലാഹു ﷻ അവനിൽ നിന്ന് സ്വീകരിക്കുകയില്ല. അവൻ തന്റെ ശേഷക്കാർക്ക് അത് അനന്തരമാക്കിയാൽ അവന് അതിന്റെ പാപഭാരവും അവന്റെ അനന്തരാവകാശികൾക്ക് അതിന്റെ ഫലവും ലഭിക്കും. അറിയുക, അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«إِنَّ اللهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّباً»

«നിശ്ചയം, അല്ലാഹു ത്വയ്യിബ് (നല്ലവൻ) ആകുന്നു. നല്ലത് മാത്രമേ അവൻ സ്വീകരിക്കൂ»[17] അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا إِنِّي بِمَا تَعْمَلُونَ عَلِيمٌ

((ഹേ; ദൂതന്മാരെ, വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും, സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവീൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെ പ്പറ്റി അറിയുന്നവനാകുന്നു.)) (വി. ക്വു. 23: 51)

അല്ലാഹു ﷻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُواْ كُلُواْ مِن طَيِّبَاتِ مَا رَزَقْنَاكُمْ وَاشْكُرُواْ لِلّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ

((സത്യവിശ്വാസികളെ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽനിന്ന് വിശിഷ്ടമായത് ഭക്ഷിച്ചുകൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ)) (വി.ക്വു. 2:172)

ജടകുത്തിയ തലയും പൊടിപുരണ്ട ശരീരവുമായി ദീർഘയാത്ര നടത്തുകയും തന്റെ റബ്ബിനോട് രക്ഷിതാവേ, രക്ഷിതാവേ, എന്നുപറഞ്ഞ് ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന വ്യക്തിയെകുറിച്ച് പ്രവാചകൻ ﷺ പറഞ്ഞത്: 'അയാൾക്ക് എങ്ങനെ ഉത്തരം ലഭിക്കുവാനാണ് ' എന്നാണ്. കാരണം, അയാളുടെ ഭക്ഷണം ഹറാമാണ്, പാനീ

---

[17] സ്വഹീഹു മുസ്ലിം.

യം ഹറാമാണ്, വസ്ത്രം ഹറാമാണ്, അയാൾ മുഴുവനും ഹറാമുകൊണ്ട് പോഷണം നൽകപ്പെട്ടവനാണ്. ഈ കാര്യങ്ങൾ ഹറാമായവ ആയതിനാൽ അയാൾ ഉത്തരം കൊടുക്കുന്നതിൽ നിന്ന് അകറ്റപ്പെട്ടവനാകുന്നു. എങ്കിൽ ഹറാമു തിന്നുന്നത് മനുഷ്യർ സൂക്ഷിക്കണം. അതിൽ നിന്ന് അവർ വിട്ട് കഴിയുകയും വേണം.

സുഹൃത്തേ, താങ്കൾ അല്ലാഹു ﷻ യെ സൂക്ഷിക്കണമെന്നും ഈ കമ്പനി ഉപേക്ഷിക്കണമെന്നുമാണ് എനിക്ക് താങ്കളെ ഉപദേശിക്കുവാനുള്ളത്. അല്ലാഹു ﷻ, താങ്കളുടെ സമ്പത്തിൽ ബർക്കത്തേകുവാൻ ഹലാലായ സമ്പാദ്യം താങ്കൾ അന്വേഷിക്കുക. [18]

## രണ്ട്

## പുകയില കൃഷിചെയ്യൽ

**ചോദ്യം:** പുകയില കൃഷി ചെയ്യുന്നതിന്റേയും അതിലൂടെ സമ്പാദിക്കുന്നതിന്റേയും വിധിയെന്ത് ?

**ഉത്തരം:** പുകയില കൃഷിചെയ്യലും, ഉപയോഗിക്കലും അനുവദനീയമല്ല. കരണം, പലകാരണങ്ങളാൽ അത് ഹറാമാകുന്നു.

---

[18] ഫതാവാ ഇസ്ലാമിയ്യഃ.

1. മാരകമായ രീതിയിൽ അത് ശരീരത്തിന് ഉപദ്രവങ്ങൾ വരുത്തുന്നു.
2. അത് മ്ലേച്ഛമാണ്.
3. അതുകൊണ്ട് യാതൊരു ഉപകാരവുമില്ല.

ആയതിനാൽ ഒരു മുസ്‌ലിമിന് അത് കൃഷി ചെയ്യുവാനോ, വിൽപ്പന നടത്തുവാനോ പാടില്ല. അതിൽനിന്ന് വിട്ട് നിൽക്കുകയാണ് വേണ്ടത്. കാരണം, അല്ലാഹു ﷻ ഒരു വസ്തു ഹറാമാക്കിയാൽ അതിലൂടെയുള്ള സമ്പാദ്യവും ഹറാമാകുന്നു. [19]

## മൂന്ന്

## പുകയില കച്ചവടത്തിന്റെ ലാഭം കൊണ്ട് സ്വദക്വയും, ഹജ്ജും, പുണ്യകർമ്മങ്ങളും നിർവ്വഹിക്കൽ

**ചോദ്യം:** പുകയില ഉത്പ്പന്നങ്ങൾ കൊണ്ട് കച്ചവടം ചെയ്യാമോ? പ്രസ്തുത കച്ചവടത്തിന്റെ വിലകൊണ്ടും, ലാഭം കൊണ്ടും സ്വദക്വയും, ഹജ്ജും, പുണ്യപ്രവർത്തനങ്ങളും നിർവ്വഹിക്കാമോ?

---

[19] മിൻ ഫതാവാ ല്ലജ്നത്തി ദ്ദാഇമഃ

**ഉത്തരം:** പുകയില ഉത്പ്പന്നങ്ങൾകൊണ്ടും, ഹറാമായ ഇതരവസ്തുക്കൾകൊണ്ടും ഇടപാടുകൾ അനുവദനീയമല്ല. കാരണം, അവയെല്ലാം 'ഖബാഇഥ്'(ചീത്തവസ്തുക്കൾ) ആകുന്നു. മനുഷ്യശരീരത്തിനും, ആത്മാവിനും, സമ്പത്തിനും, ഒരുപോലെ ഉപദ്രവകരമാണ് അവകൾ. ഒരാൾ സ്വദക്വ ചെയ്യുവാനും, ഹജ്ജ് ചെയ്യുവാനും, ഇതര പുണ്യകർമ്മങ്ങൾ ചെയ്യുവാനും ഉദ്ദേശിക്കുമ്പോൾ തന്റെ നല്ല സമ്പാദ്യങ്ങൾ അന്വേഷിക്കൽ അവന് അനിവാര്യമാണ്.

അല്ലാഹു ﷻ പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُواْ أَنفِقُواْ مِن طَيِّبَاتِ مَا كَسَبْتُمْ وَمِمَّا أَخْرَجْنَا لَكُم مِّنَ الأَرْضِ وَلاَ تَيَمَّمُواْ الْخَبِيثَ مِنْهُ تُنفِقُونَ وَلَسْتُم بِآخِذِيهِ إِلاَّ أَن تُغْمِضُواْ فِيهِ ........

"സത്യവിശ്വാസികളെ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും, ഭൂമിയിൽ നിന്ന് നിങ്ങൾക്ക് നാം ഉല്പാദിപ്പിച്ചുതന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവീൻ. കണ്ണടച്ചുകൊണ്ടല്ലാതെ നിങ്ങൾ സ്വീകരിക്കാത്ത മോശമായ സാധനങ്ങൾ (ദാനധർമ്മങ്ങളിൽ) ചെലവഴിക്കുവാനായി കരുതിവെക്കരുത്........" (വി.ക്വു. 2:267)

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു:

«إِنَّ اللَّهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّباً»

«നിശ്ചയം, അല്ലാഹു ത്വയ്യിബ് (നല്ലവൻ) ആകുന്നു. നല്ലത് മാത്രമേ അവൻ സ്വീകരിക്കൂ» [20] [21]

## നാല്
## പുകവലിക്കുന്നവന്റെ ബാങ്കും ഇമാമത്തും

**ചോദ്യം:** പുകവലിക്കുന്നവൻ ബാങ്ക് വിളിക്കുന്നതിന്റേയും ജമാഅത്ത് നമസ്കാരത്തിന് ഇമാമത്ത് നിൽക്കുന്നതിന്റേയും വിധിയെന്താണ്? മഅ്മൂമുകളിൽ പുകവലിക്കാരനാണ് നന്നായി ക്വുർആൻ പരായാണം ചെയ്യുവാൻ കഴിവുള്ളവൻ, എങ്കിൽ അയാൾക്ക് നമസ്ക്കരിക്കുന്നവർക്ക് ഇമാമത്ത് നിൽക്കുവാൻ അർഹതയുണ്ടോ ?

**ഉത്തരം:** അതെ, തന്നേക്കാൾ നന്നായി ക്വുർആൻ ഓതുന്നവനും നമസ്കാരത്തിന്റെ വിധികൾ അറിയുന്നവനുമായി തെമ്മാടിയല്ലാത്ത മറ്റാരുമില്ലെങ്കിൽ അയാൾക്ക് ഇമാമത്ത് നിൽക്കാവുന്നതാണ്. ചോദ്യത്തിൽ പരാമർശിക്കപ്പെട്ട വ്യക്തി പള്ളിയിൽ ശമ്പളം നിശ്ചയിക്കപെട്ട് അവരോധിക്കപ്പെട്ട ആളാണെങ്കിൽ അയാൾ പുകവലിയിൽ നിന്ന് വിര

[20] സ്വഹീഹു മുസ്‌ലിം.
[21] മിൻ ഫതാവാ ല്ലജ്നത്തി ദ്ദാഇമഃ

മിക്കുന്നില്ലെങ്കിൽ അയാളെ മാറ്റി പകരം ആളെ നിശ്ചയി ക്കേണ്ടതാണ്.[22]

ഇബ്നു ഉഥൈമീൻ ﷺ പറഞ്ഞു: താടി വടിച്ചവരും പുകവലിക്കുന്നവരും അവരെപ്പോലെ തെറ്റിൽ മുഴുകി കഴി യുന്നവരും ബാങ്ക് വിളിച്ചാൽ പ്രസ്തുത ബാങ്ക് സ്വഹീഹ് ആണ്; ബാങ്കിന്റെ ആശയം തെറ്റാതെ അവർ നിർവ്വഹി ച്ചാൽ.[23]

## അഞ്ച്

## പുകവലിക്കുന്ന അദ്ധ്യാപകൻ

**ചോദ്യം:** വിദ്യാർത്ഥികൾക്ക് മുമ്പിൽ പുകവലിക്കുന്ന അ ദ്ധ്യാപകനിലുള്ള ശറഈ വിധി എന്ത് ?

**ഉത്തരം:** അമ്പിയാക്കളെ അനന്തരമെടുക്കുന്ന പണ്ഡിതന്മാ രിൽ പെട്ടവരാണ് അദ്ധ്യാപകർ. തഖ്വയും, തന്റെ രഹസ്യ ജീവിതത്തിലും, പരസ്യജീവിതത്തിലും അല്ലാഹു ﷻ നിരീക്ഷി ക്കുന്നു എന്നബോധവും, അവനെകുറിച്ചുള്ള ഭയവുമാകു ന്നു വിജ്ഞാനത്തിന്റെ അടിത്തറ. അല്ലാഹു ﷻ പറഞ്ഞു:

اَتَّقُواْ اللَّه وَيُعَلِّمُكُمُ اللَّه

---

[22] മിൻ ഫതാവാ ല്ലജ്നത്തി ദ്ദാഇമഃ

[23] മജ്മൂഅ് ഫതാവാ വ റസാഇൽ..., ഇബ്നു ഉഥൈമീൻ.

((നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക, അവൻ നിങ്ങളെ പഠിപ്പിക്കും)) (വി. ക്വു. 2: 282)

അദ്ധ്യാപകൻ, തന്റെ മക്കൾക്കും വിദ്യാർത്ഥികൾക്കും മാതൃകയാണ്. അതിനാൽതന്നെ അയാൾ തന്റെ ചുറ്റുപാടുമുള്ളവർക്ക് ഉത്തമമായ മാതൃകയാകേണ്ടതുണ്ട്. ജനങ്ങൾക്ക് നോക്കിക്കാണാവുന്ന മാതൃകാപുരുഷനായി അയാൾ ജീവിക്കേണ്ടതുണ്ട്. അതിനെല്ലാം അയാൾക്ക് അല്ലാഹു ﷻ യിൽ നിന്ന് വമ്പിച്ച പ്രതിഫലവുമുണ്ടായിരിക്കും. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

«من سن سنة حسنة فله أجرها وأجرمن عمل بها. ومن سن سنة سيئة فعليه وزرها ووزرمن عمل بها إلى يوم القيامة»

«ഒരാൾ ഒരു നല്ല സുന്നത്ത് നടപ്പിലാക്കിയാൽ അയാൾക്ക് അതിന്റെ പ്രതിഫലമുണ്ട്. അതനുസരിച്ച് പ്രവർത്തിച്ചവരുടെ പ്രതിഫലവും അയാൾക്കുണ്ട്. ഒരാൾ ഒരു ചീത്തചര്യ നടപ്പിലാക്കിയാൽ അയാൾക്ക് അതിന്റെ കുറ്റമുണ്ട്. അന്ത്യനാൾവരേക്കും അതനുസരിച്ച് പ്രവർത്തിക്കുന്നവരുടെ കുറ്റവും അയാൾക്കുണ്ട്.» [24]

വിദ്യാർത്ഥികൾക്ക് മുന്നിൽ പുകവലിക്കുന്ന അദ്ധ്യാപകൻ ചീത്ത മാതൃകയും തന്റെ വിദ്യാർത്ഥികൾക്ക് മോശമായ കോലവുമാണ്. ദുനിയാവിലും ആഖിറത്തിലും ശിക്ഷ അർഹിക്കുന്ന മോശമായ പാപവും കുറ്റവുമാണ് അയാൾ ചെയ്തിരിക്കുന്നത്. കാരണം, അയാൾ തന്റെ വിദ്യാർത്ഥിക

[24] സ്വഹീഹു മുസ്ലിം.

ൾക്കിടയിൽ ഒരു മതവും അംഗീകരിക്കാത്തതും ഒരു ദീനും തൃപ്തിപ്പെടാത്തതുമായ സംഹാരിയായ കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നത്. തങ്ങളുടെ ശരീരങ്ങളേയും മറ്റുള്ളവരേയും എങ്ങനെ ഉപദ്രവിക്കാം, തങ്ങളുടെ സമ്പത്ത് എങ്ങനെ ധൂർത്തടിക്കാം, സ്വന്തങ്ങളെ എങ്ങനെ നശിപ്പിക്കാം എന്നതെല്ലാം അതിമോശമായ ശൈലിയിൽ തന്റെ വിദ്യാർത്ഥികൾക്ക് പ്രാവർത്തികമാക്കി കാണിക്കുന്നവനാണ് അയാൾ. താഴെ നൽകുന്ന ആയത്തുകൾ പഠിപ്പിക്കുന്ന ദീനിന്റെ വിജ്ഞാപനങ്ങളെ എതിർത്തെറിഞ്ഞാണ് അയാൾ ഇതൊക്കെ ചെയ്യുന്നതും.

അല്ലാഹു ﷻ പറയുന്നു:

....وَلاَ تُسْرِفُواْ إِنَّهُ لاَ يُحِبُّ الْمُسْرِفِينَ

((നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.)) (വി. ക്വു. 6: 141)

അല്ലാഹു ﷻ പറയുന്നു:

......وَلاَ تُبَذِّرْ تَبْذِيرًا

إِنَّ الْمُبَذِّرِينَ كَانُواْ إِخْوَانَ الشَّيَاطِينِ وَكَانَ الشَّيْطَانُ لِرَبِّهِ كَفُورًا

((......നീ (ധനം)ദുർവ്യയം ചെയ്തുകളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു.)) (വി.ക്വു. 17: 26, 27)

അല്ലാഹു ﷻ പറയുന്നു:

وَلاَ تَقْتُلُواْ أَنفُسَكُمْ إِنَّ اللَّه كَانَ بِكُمْ رَحِيمًا

((..........നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.)) (വി. ക്വു. 4: 29)

അല്ലാഹു ﷻ പറയുന്നു:

وَلاَ تُلْقُواْ بِأَيْدِيكُمْ إِلَى التَّهْلُكَةِ

((...........നിങ്ങളുടെ കൈകളെ നിങ്ങൾതന്നെ നാശത്തിൽ തള്ളികളയരുത്.....)) (വി. ക്വു. 2:195) [25]

## ആറ്

## പുകവലി നോമ്പ് മുറിക്കുമോ?!!

**ചോദ്യം:** പുകവലിക്കുകയെന്നത് ഭക്ഷണമോ, പാനീയമോ അല്ല, അത് വയറ്റിൽ ചെന്നെത്തുന്നതുമല്ല. എങ്കിൽ പുകവലിച്ചാൽ നോമ്പ് നഷ്ടപ്പെടുമോ ?

[25] ഈജിപ്ത്യൻ മുഫ്തി നസ്വ്ർ ഫരീദ് വാസ്വിൽ. ഫത്വാ നമ്പർ: 876.

**ഉത്തരം:** പുകവലിക്കൽ, റമദ്വാനിലും ഇതര മാസങ്ങളിലും രാവിലും പകലിലും ഒരുപോലെ ഹറാമാകുന്നു. താങ്കൾ അല്ലാഹു ﷻ യെ സൂക്ഷിക്കുക. പുകവലിക്കുന്നതിൽ നിന്ന് വിരമിക്കുക. താങ്കളുടെ ആരോഗ്യത്തേയും പല്ലുകളേയും സമ്പത്തിനേയും സന്തതികളേയും ഭാര്യയോടുള്ള സ്നേഹ വർത്തനങ്ങളേയും കേടാക്കാതെ സംരക്ഷിക്കുക. അല്ലാഹു ﷻ താങ്കൾക്ക് സൗഖ്യവും ആരോഗ്യവും പ്രദാനം ചെയ്യും.

എന്നാൽ ചോദ്യകർത്താവിന്റെ "തീരെ കുടിച്ചിറക്കുന്നില്ല" എന്ന പ്രയോഗത്തോട് പ്രതികരിക്കുവാനുള്ളത് 'പുകയിറക്കുന്നുണ്ട്' എന്നുതന്നെയാണ്. അറബിയിൽ 'ശുർബു ദ്ദുഖാൻ' എന്നാണ് പുകവലിക്ക് പറയുക. പ്രസ്തുത അറബി പ്രയോഗം അർത്ഥമാക്കുന്നത് "പുകകുടിക്കുക" എന്നാണ്. എന്നാൽ പുകവലിക്കുന്നവൻ അനുവദനീയമായ ഒരു ദ്രവ്യമല്ല അകത്താക്കുന്നത് മറിച്ച് ഉപദ്രവകരവും ഹറാമുമായ വസ്തുവാണ്. ഇത്തരക്കാരോട് എനിക്കുള്ള 'നസ്വീഹത്ത്' അവർ തങ്ങളുടെ ശരീരങ്ങളിലും, സ്വത്തുക്കളിലും, സന്തതികളിലും, കുടുംബങ്ങളിലും അല്ലാഹു ﷻ യെ സൂക്ഷിക്കണം എന്നാണ്. കാരണം, ഇവർക്കെല്ലാം പുകവലിക്കാരന്റെ ഉപദ്രവം അവനോടൊപ്പം ഏൽക്കേണ്ടിവരുന്നു. ഇതെല്ലാം പുകവലി നോമ്പിനെ നഷ്ടപ്പെടുത്തും എന്നതുതന്നെയാണ് വ്യക്തമാക്കുന്നത്; അയാൾക്ക് പുകവലിക്കുന്നതിന്റെ കുറ്റം ഉള്ളതോടൊപ്പം.

അല്ലാഹു ﷻ നമ്മുടെ മുസ്‌ലിം സഹോദരങ്ങൾക്ക് അവന്റെ കോപത്തിൽനിന്നും സുരക്ഷ പ്രദാനം ചെയ്യുമാറാകട്ടെ...............[26]

## ഏഴ്
## പള്ളിയിൽ പുകവലിക്കൽ !!!

**ചോദ്യം:** പള്ളികളിലും അതിനോട് അനുബന്ധിച്ചുള്ള മുറികളിലും പുകവലിക്കുന്നതിന്റെ വിധിയെന്ത് ?

**ഉത്തരം:** പള്ളികളിലോ അതോടനുബന്ധിച്ചുള്ള മുറികളിലോ പുകവലിക്കൽ പാടില്ലാത്തതാകുന്നു. ഹറാമായ പുകവലി പള്ളിയിൽ വെച്ച് ചെയ്യൽ കടുത്ത ഹറാമാകുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ ഒരാൾ ഉള്ളിയോ വെളുത്തുള്ളിയോ കഴിച്ചുകൊണ്ട് പള്ളിയിൽ പ്രവേശിക്കൽ വിരോധിച്ചിരിക്കുന്നു. അപ്പോൾ പിന്നെ പള്ളിയിൽ പുകവലിക്കൽ എങ്ങനെയായിരിക്കും?!

ഉള്ളിയും വെളുത്തുള്ളിയും ഹലാലായ ഭക്ഷണ പദാർത്ഥങ്ങളാണ്. എന്നാൽ അവക്ക് മറ്റുള്ളവരിൽ നീരസമുളവാക്കുന്ന ഗന്ധമുണ്ട്. അതുകൊണ്ടാണ് പ്രവാചകൻ ﷺ പള്ളിയിൽ വരുവാൻ ഉദ്ദേശിക്കുന്നവരോട് അവ തിന്നുന്നത് നിരോധിച്ചതും മണം പോകുന്നതുവരെ പള്ളിയിൽ നിന്ന് വിട്ടുനിൽക്കുവാൻ ആവശ്യപ്പെട്ടതും. അപ്പോൾ പിന്നെ ഹറാ

---

[26] മജ്മൂഅ് ഫതാവാ വ റസാഇൽ..., ഇബ്നു ഉഥൈമീൻ.

മും, മ്ലേച്ഛവും തനിക്കും മറ്റുള്ളവർക്കും ഒരുപോലെ ഉപദ്രവ കാരിയുമായ പുകവലി എങ്ങനെ പള്ളിയിൽ അനുവദനീയമാകും. പള്ളിയിലും മറ്റും പുകവലിക്കുന്നത് ഗൗരവമായി കാണേണ്ടതും പുകവലിക്കുന്നവർക്ക് താക്കീത് നൽകൽ നിർബന്ധവുമാണ്. ആളുകൾ എല്ലാ കാലത്തും എല്ലാ സ്ഥലത്തും അതിൽ നിന്ന് വിട്ടുനിൽക്കേണ്ടതുണ്ട്; അത് ഹറാമാണ്, ആളുകളുടെ ദീനിനും, ദുൻയാവിനും, ആരോഗ്യത്തിനും, സമ്പത്തിനും, ഒരുപോലെ ഉപദ്രവകാരിയാണ് പുകവലിക്കൽ. പുകയില ഉത്പന്നങ്ങൾ തിന്മ മാത്രമാണ്.

എല്ലാവർക്കും നാഥൻ ഹിദായത്ത് പ്രദാനം ചെയ്യുമാറാകട്ടെ............[27]

## എട്ട്
## പുകവലിച്ചിരുന്നവന്റെ മയ്യിത്ത് നമസ്കരിക്കൽ

**ചോദ്യം:** പുകവലിക്കുകയോ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ ചെയ്യുന്ന വ്യക്തികൾ മരണപ്പെട്ടാൽ അവരുടെ ജനാസ നമസ്കരിക്കാമോ ? (ഇത്തരം വ്യക്തികൾ ജമാഅത്ത് ആയുള്ള നമസ്കാരം ഉപേക്ഷിക്കുകയും ചെയ്യുന്നവരാണ് )

**ഉത്തരം:** പുകവലിക്കുകയും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുകയും ജമാഅത്ത് ആയുള്ള നമസ്കാരം ഉപേക്ഷി

[27] മജ്മൂഅ് ഫതാവാ വ മക്വാലാത്ത്..., ഇബ്നു ബാസ്.

ക്കുകയും ചെയ്യുന്ന വ്യക്തി അല്ലാഹു ﷻ യേയും അവന്റെ ദൂതൻ ﷺ യേയും ധിക്കരിക്കുന്നവനാണ്. ഹറാമായ ലഹരിവസ്തുക്കളെ അയാൾ അനുവദനീയമാക്കാത്തിടത്തോളം അയാൾ കാഫിർ അല്ല. അപ്രകാരം തന്നെ നമസ്കാരം ഉപേക്ഷിക്കുകയും ചെയ്യാത്ത കാലത്തോളവും അയാൾ കാഫിർ അല്ല. ആയതിനാൽ മുസ്‌ലിംകൾക്ക് അയാളുടെ മയ്യിത്ത് കുളിപ്പിക്കുകയും, കഫൻചെയ്യുകയും, അയാൾക്ക് നമസ്കരിക്കുകയും, അയാളെ മറമാടുകയും ചെയ്യാം. അല്ലാഹു തൗഫീക്വ് പ്രദാനം ചെയ്യുമാറാകട്ടെ............[28]

## ഒമ്പത്
## മാതാപിതാക്കൾക്ക് സിഗരറ്റ് വാങ്ങികൊടുക്കൽ....

**ചോദ്യം:** എന്റെ പിതാവിന് ഞാൻ മാത്രമാണ് സന്താനമായി ഉള്ളത്. ഉപ്പ എന്നോട് പുകയില ഉത്പ്പന്നങ്ങൾ (സിഗരറ്റ്) വാങ്ങി കൊടുക്കുവാൻ ആവശ്യപ്പെടുന്നു. ഞാൻ അനുസരിച്ചില്ലായെങ്കിൽ നിർബന്ധിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്യുന്നു. ഞാനാകട്ടെ, പുകവലിക്കൽ ഹറാമാണെന്ന് മനസ്സിലാക്കിയതിനാൽ ഉപ്പായുടെ ഈ ആവശ്യം നിർവ്വ

[28] മിൻ ഫതാവാ ല്ലജ്നത്തി ദ്ദാഇമഃ

ഹിച്ചുകൊടുക്കുവാൻ ഇഷ്ടപ്പെടുന്നില്ല. താങ്കളുടെ ഫത്‌വ പ്രതീക്ഷിക്കുന്നു.

**ഉത്തരം:** പുകയില ഉത്പ്പന്നങ്ങൾ 'ഖബാഇഥും'(ചീത്തവസ്തുക്കൾ) ഖബാഇഥുകൾ ഹറാമുമാണ്. ആയതിനാൽ പുകയില ഉത്പ്പന്നങ്ങൾ ഹറാമാണ്. പുകവലിക്കൽ അല്ലാഹു ﷻ യോടുള്ള മഅ്സ്വിയത്ത്(ധിക്കാരം) ആയിരിക്കെ പുകവലിക്കുന്നവർക്ക് അവ എത്തിച്ചുകൊടുക്കൽ അവ ഉപയോഗിക്കുവാനുള്ള മാർഗ്ഗം തരപ്പെടുത്തികൊടുക്കലാണ്. ലക്ഷ്യങ്ങൾക്കുള്ള മതവിധി തന്നെയാണ് മാർഗ്ഗങ്ങൾക്കും ഉള്ളത്. അപ്പോൾ ലക്ഷ്യം ഹറാമാണ് എങ്കിൽ അതിലേക്കുള്ള മാർഗ്ഗവും ഹറാമുതന്നെയാണ്. അല്ലാഹു ﷻ ക്ക് വഴിപ്പെട്ട് ജീവിക്കുന്നതിനും ഹലാലായ കാര്യങ്ങളിലുമാണ് മാതാപിതാക്കളെ അനുസരിക്കേണ്ടത്.

## പത്ത്

# പുകയില ഉത്പ്പന്നങ്ങൾക്ക് പരസ്യം നൽകൽ

**ചോദ്യം:** പുകയില ഉത്പ്പന്നങ്ങളെക്കുറിച്ചും പുകയിലയെക്കുറിച്ചും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന്റെ വിധി എന്ത് ?

**ഉത്തരം:** മുമ്പ് നാം ഉണർത്തിയതുപോലെ പുകവലി ഹറാമാണ്. അതുമായി ബന്ധപ്പെട്ടതെല്ലാം ഹറാമാണ്. വാർത്താ

മാധ്യമങ്ങൾ അവക്ക് പരസ്യം നൽകൽ ഹറാമിൽ പെട്ടതാണ്. കാരണം, അത് തെറ്റിന് സഹായിക്കലാണ്. തെറ്റിന് സഹായം നൽകൽ പാപവുമാണ്. [29]

## പതിനൊന്ന്

## പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതിന് സ്ഥാപനങ്ങൾ വാടകക്ക് കൊടുക്കൽ

**ചോദ്യം:** പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതിനും പാട്ട് കാസറ്റുകളും മോശമായ വീഡിയോ കാസറ്റുകൾ വിൽക്കുന്നതിനും പലിശ ഇടപാടുകളുള്ള ബാങ്ക് നടത്തിപ്പിനും ബിൽഡിംഗുകൾ വാടകക്ക് കൊടുക്കുന്നതിന്റെ വിധിയെന്ത്?

**ഉത്തരം:** ഇത്തരം സ്ഥാപനങ്ങൾക്ക് ബിൽഡിംഗ് വാടകക്ക് നൽകുന്നതിന്റെ വിധി വിശുദ്ധ ക്വുർആനിലെ സൂറത്തുൽ മാഇദഃയിലെ രണ്ടാം ആയത്തിൽ നിന്ന് മനസ്സിലാക്കാം അല്ലാഹു ﷻ പറയുന്നു:

**.......وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ.......**

---

[29] ഈജിപ്ത്യൻ മുഫ്തി നസ്വ്ർ ഫരീദ് വാസ്വിൽ. ഫത്വാ നമ്പർ: 876.

((...പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹകരിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്...)) (വി. ക്വു. 5: 2)

ആയതിനാൽ ചോദ്യത്തിൽ പറയപ്പെട്ട ആവശ്യങ്ങൾക്ക് കടകൾ വാടകക്ക് നൽകൽ ഹറാമാകുന്നു. കാരണം, അത് തെറ്റിനും പാപത്തിനും കൂട്ട് നിൽക്കലാകുന്നു.[30]

30 ഫതാവാ ഇസ്‌ലാമിയ്യഃ.

# പന്ത്രണ്ട്
# പുകവലിയിൽനിന്ന് വിരമിക്കുവാൻ

**ചോദ്യം:** പുകവലിയിൽ നിന്ന് വിരമിക്കുവാൻ താങ്കളുടെ ഉപദേശ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ?

**ഉത്തരം:**

1. പുകവലിക്കൽ ഹറാമാണെന്ന് താങ്കൾ വിശ്വസിക്കുക. പുകയില ഉത്പന്നങ്ങൾ താങ്കൾക്ക് അല്ലാഹു ﷻ യിൽ നിന്നും അവന്റെ കാരുണ്യത്തിൽ നിന്നും അകൽച്ച മാത്രമേ വർദ്ധിപ്പിക്കുകയുള്ളൂ എന്നും അവ താങ്കൾക്ക് തെറ്റുകുറ്റങ്ങളെ മാത്രമെ നൽകുകയുള്ളൂ എന്നും താങ്കൾ അറിയുക.
2. പുകവലി ഉപേക്ഷിക്കൽ കൊണ്ട് താങ്കൾ അല്ലാഹു ﷻ യെ ആരാധിക്കുക. കാരണം, ഒരു ഹറാമായ സംഗതി അല്ലാഹു ﷻ നിരോധിച്ചു എന്ന കാരണത്താൽ ഉപേക്ഷിക്കൽ ഇബാദത്താകുന്നു.
3. താങ്കൾ പുകവലിയുടെ അടിമയായി മാറിയിട്ടുണ്ടെങ്കിൽ ഒരോ ദിനവും അവയുടെ എണ്ണം കുറച്ച് കുറച്ച് കൊണ്ടു വരികയും എന്നിട്ട് പൂർണ്ണമായും വരമിക്കുകയും ചെയ്യുക.
4. പുകവലിക്കുന്നവരുടെകൂടെ ഇരിക്കാതിരിക്കുക. കാരണം, അവരോട് അകന്നു കഴിയൽ അതിൽനിന്ന് താങ്കളെ തടയും. അല്ലെങ്കിൽ അത് വലിക്കുന്നത് കുറക്കുവാൻ കഴിയും. എന്നാൽ പുകവലിക്കുന്നവരോട് അടുത്താൽ മിക്കവാറും

മനുഷ്യന് ക്ഷമിക്കുവാൻ കഴിയാതെവരും. കാരണം, അവൻ നോക്കികൊണ്ടിരിക്കുന്നത് തന്റെ അടുത്തുതന്നെ പുകവലിക്കുന്നവരെയാണല്ലോ; അതിനാൽ മനുഷ്യന് ക്ഷമകിട്ടിയെന്ന് വരില്ല. [31]

---

31 ഫതാവാ വ തൗജീഹാത്ത് , ഇബ്നു ഉഥൈമീൻ.